കർമ്മലകുസുമം.

പുസ്തകം ൨൧ { ൧൯൨൧ ജനുവരി { ലക്കം ൧

DHARMARAM COLLEGE LIBRARY, BANGALORE. 15617

## ത്രിത്വസ്തുതി

(നിർമ്മലനായകനേ! എന്ന മട്ടു.)

പല്ലവി.

ത്രിത്വത്തിനെന്നും സ്തുതി— മഹോന്നത
ത്രിത്വത്തിനെന്നും സ്തുതി.

ചരണങ്ങൾ.

൧. ആളുകൾ മൂവരാണെങ്കിലുമത്ഭുതം!
ഏകത്വമിണങ്ങിടുന്ന— മഹോന്നത ത്രിത്വ.
൨. മൂവരും ദൈവമാണെങ്കിലുമത്ഭുതം
മൂന്നില്ല ദൈവമൊന്നു— മഹോന്നത ത്രിത്വ.
൩. മൂന്നുപേരൊന്നുപോലെങ്കിലുമത്ഭുതം
ബാവായും സുതനും റൂഹാ— മഹോന്നത ത്രിത്വ.

ഫാദർ സൈമൺ സി. ഡി.

## പ്രസാധകക്കുറിപ്പുകൾ.

### സ്വാഗതം

ഇൻഡ്യയുടെ ശ്ലൈഹികപ്രതിനിധി തിരുമനസ്സുകൊണ്ടു റോമിൽവച്ചു 1920 ഡിസംബർ ൨൧-ാം- വി. തോമ്മാശ്ലീഹായുടെ ഒരു തിരുനാൾ ദിവസമാണല്ലോ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യപ്പെട്ടതു്. പ്രസ്തുത സംഭവത്തിന്റെ രണ്ടാമത്തെ വാർഷികപൂർത്തി ഈ കൊല്ലം ചങ്ങനാശ്ശേരി മെത്രാസനഅരമനയിൽവച്ചു കൊണ്ടാടിയശേഷം അവിടുന്നു തന്റെ പ്രേമഭാജനമായ കേരളത്തിലെക്രിസ്ത്യാനികളെ സന്ദർശിച്ചുവരികയാണ്. പറവിത്തിരുനാൾ സ്ഥലത്തെ ആശ്രമത്തിൽ ആഘോഷിക്കയും അനന്തരം ഏതാനും ദിവസങ്ങൾ വിശ്രമാർത്ഥം ഇവിടെ താമസിക്കയും ചെയ്യുന്നതാണ്. തിരുമേനിക്കു ഈ അവസരത്തിൽ 'കുസുമം' ആദരപൂർവ്വം സ്വാഗതമാശംസിച്ചുകൊള്ളുന്നു.

### നവവത്സരം.

കുസുമവായനക്കാർക്കെല്ലാം ശുഭമായ ഒരു നവവത്സരം ഭവിക്കുമാറാകട്ടെ! ൧൯൨൦ അവസാനിച്ചു; ൧൯൨൧ ആരംഭിക്കുന്നു. (Tempus est praeludium aeternitatis) സമയം നിത്യത്വത്തിന്റെ ഒരു പീഠികമാത്രമാണ്. ഏതുവിധത്തിൽ നമ്മുടെ സമയത്തെ നാം വിനിയോഗിക്കുന്നോ ആവിധത്തിലുള്ള ഒ

രു നിത്യജീവിതത്തെ നമുക്കായി നാം ആസ്ഥമാക്കുകയാണു ചെയ്യുന്നതു്. പലരുടേയും ജീവിതസംപ്രദായം സൂക്ഷിച്ചാൽ അന്തമില്ലാത്ത ഒരു കാലാവധി ഈ ലോകത്തിൽ തങ്ങൾക്കു വിധിച്ചുകിട്ടിയിട്ടുണ്ടെന്നു വിശ്വസിക്കുന്നതായി തോന്നിപ്പോകും. എന്നാൽ അനുഭവം എത്രയോ വിപരീതമാണു്. അരോഗദൃഢഗാത്രന്മാരായി ഇക്കഴിഞ്ഞകൊല്ലം ആരംഭിച്ചവരിൽ എത്രപേൎക്കു അതിന്റെ പൎയ്യവസാനം കാണുന്നതിന്നു സാധിക്കാതെ വന്നിട്ടുണ്ടു്. ഇതെഴുതിക്കൊണ്ടിരിക്കയിൽ തിരുവനന്തപുരത്തുനിന്നുവന്ന ഒരു വൎത്തമാനംതന്നേ ഇതിന്നു സാക്ഷ്യംവഹിക്കുന്നു. കേരളീയ സുറിയാനി സമുദായത്തിന്റെ ശോഭനമായ പ്രതീക്ഷയ്ക്കു പാത്രീഭവിച്ചിരുന്ന സൽഗുണസംപൂൎണ്ണനായ ഒരു യുവാവു് ഡിസംബർ ൧൯-ാംനു- ചൊവ്വാഴ്ച അഞ്ചരമണിക്കു തിരുവനന്തപുരം ജനറൽ ആസ്പത്രിയിൽ കിടന്നു നിൎയ്യാതനായിരിക്കുന്നു. നല്ലൊരു സമുദായസ്നേഹിയും, നീയമശാസ്ത്രകോവിദനും, ചേന്നങ്കരിയിലുള്ള ഒരു പ്രഖ്യാത കുടുംബത്തിൽപ്പെട്ട ദേഹവുമായ മിസ്റ്റർ കെ. സി. മാത്യു ബി. ഏ. ബി. എൽ. അവർകൾക്കു ജ്വരരോഗബാധിതനായി ആസ്പത്രിയിൽ കിടക്കുന്നുവെന്നു രണ്ടുദിവസം മുമ്പു കേട്ടപ്പോൾ ഇത്ര പെട്ടെന്നു ഈവിധമൊരു നഷ്ടം നമ്മുടെ സമുദായത്തിന്നു നേരിടുമെന്നു അശേഷം കരുതിയിരുന്നില്ല. എങ്കിലും ഇതാ ഇങ്ങനെയാണു സംഭവിച്ചതു്. ഏതായാലും അദ്ദേഹത്തിന്റെ നിത്യശാന്തിക്കായി നമുക്കു പ്രാൎത്ഥിക്കാം. മനുഷ്യജീവിതം എത്ര ക്ഷണഭംഗുരമായിരിക്കുന്നെന്നു ഇതുപോലെയുള്ള സംഭവങ്ങൾ പ്രതിവത്സരം നമുക്കു കാണിച്ചുതരുന്നുണ്ടു്. ആകയാൽ നമുക്കു നൽകപ്പെടുന്ന ഓരോ ദിവസവും നിത്യഭാഗ്യത്തിന്നു യോഗ്യമായ സൽകൃത്യങ്ങൾക്കായി നാം വിനിയോഗിക്കുന്നെങ്കിൽ മാത്രമേ നമ്മുടെ വത്സരങ്ങൾ സാക്ഷാൽ ശുഭാവഹങ്ങളായിട്ടു പരിഗണിക്കപ്പെടാൻ പാടുള്ളു. അതിന്നുവേണ്ട മനോഗുണം കൎമ്മേലനാഥ തന്റെ തിരുക്കുമാരനോടു ഏവൎക്കുമപേക്ഷിച്ചുതരുമാറാകട്ടേ!

## മാതൃകായുവാവു്.

യുവാക്കന്മാൎക്കു നല്ല മാതൃകകൾ അത്യന്താപേക്ഷിതമായി തീൎന്നിരിക്കുന്ന ഒരു കാലമാണിതു്. പത്തൊൻപതാം ശതാബ്ദത്തിൽ ഫ്രാൻസു രാജ്യത്തിൽനിന്നു ദൈവത്തേയും വേദത്തേയും നിഷ്കാസനം ചെയ്യുന്നതിനു നിരീശ്വര പ്രഭൃതികൾ നിസ്തന്ദ്ര പരിശ്രമം ചെയ്തിരുന്ന കാലഘട്ടത്തിൽ കത്തോലിക്കാ യുവാക്കന്മാൎക്കു ഒരു ആദൎശമായി സൎവ്വേശ്വരൻ അവിടെ ഉയൎത്തിയ ഒരു മാതൃകാ പുരുഷനാകുന്നു ഫ്രഡറിക്കു ഒസ്സാനാം. ഈ ദേഹത്തിന്റെ ചരിത്രം ദിവ്യശ്രീ മററത്തിൽ കുര്യൻ കത്തനാർ അവർകൾ തനിക്കു സഹജസിദ്ധമായ ഭാഷാനൈപുണ്യത്തോടുകൂടെ മലയാളഭാഷയിൽ അവതരിപ്പിച്ചു കേരളീയയുവജനസമക്ഷംസമൎപ്പിച്ചിട്ടുള്ളതു സമുദായോൽക്കൎഷേച്ഛുക്കളുടെ നിഷ്കളങ്കമായ അഭിനന്ദനത്തിനു പാത്രീഭവിക്കേണ്ട ഗണ്യമായ ഒരു പുണ്യമായിട്ടാണ് ഞങ്ങൾക്കു തോന്നുന്നതു്. നല്ലമേനിക്കടലാസിൽ തൊണ്ണൂറെറട്ടു പുറങ്ങളും, അത്രഭംഗിയുള്ളതല്ലെങ്കിലും സന്ദൎഭോചിതങ്ങളായ നാലു പടങ്ങളും, ശ്രീമാൻ ഐ. സി. ചാക്കൊ അവർകളുടെ ഒരു അവതാരികയും, പി. ജെ. തോമസ് അവർകളുടെ ഒരു ഉപസംഹാരവും അടങ്ങിയതായ ഈ വിശിഷ്ട കൃതി ഏഴണ. കൊടുത്തു വാങ്ങിച്ചാൽ അതൊരു നഷ്ടമായി ആൎക്കും കരുതാനിടവരുമെന്നു തോന്നുന്നില്ല. പാലാ മാർതോമ്മാ പ്രസിദ്ധീകരണസംഘത്തിൽ അപേക്ഷിച്ചാൽ ഈ പുസ്തകം കിട്ടുന്നതാണു്.

☞ സെൻറു ജോസഫ്സ് പ്രസ്സ് പഞ്ചാംഗം.

മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സ് വകയായി 1923-ാമാണ്ടത്തെ ഷീററുകലണ്ടർ വില്പാൻ തയ്യാറുണ്ടു്. പലവൎണ്ണങ്ങളിലും മേന്മയുള്ള കടലാസിലുംമനോഹരമായടിച്ചിരിക്കുന്ന പ്രസ്തുത പഞ്ചാംഗത്തിന്നാവശ്യമുള്ളവർ ഉടനേ അപേക്ഷിക്കുക. വില 3 ചക്രം. സുപ്രണ്ടു്, സെൻറു ജോസഫ്സ് പ്രസ്സ്, മാന്നാനം.

# ബൊളോഞ്ഞയിലെ വി. കത്രിന

(നി. വ. ദിവ്യശ്രീ ചൂളപ്പറമ്പിൽ മെത്രാനച്ചൻ തിരുമനസ്സിലെ വിദേശയാത്രാവിവരണത്തിൽനിന്നു.)

ബൊളോഞ്ഞയിൽ വെച്ചു, ഞാൻ വിചാരിക്കാത്തതും എന്റെ മനസ്സിനെ ആശ്ചര്യപ്പെടുത്തിയതും എന്റെ മനസ്സിൽനിന്നും ഒരിക്കലും വിട്ടുപോകാത്തതുമായ ഒരു കാഴ്ച ഞാൻ കണ്ടു: ബൊളോഞ്ഞയിലെ വിശുദ്ധ കത്തറീനായുടെ അഴിയാത്ത തിരുശരീരം കാണാൻ എനിക്കുസാധിച്ചു. വി. ക്ലാര പുണ്യവതിയുടെ സഭയിൽപ്പെട്ട ഒരു വിശുദ്ധയാണു മേൽ പറഞ്ഞ കന്യക. ആ സഭക്കാരുടെ മഠത്തിൽ തിരുശരീരം സൂക്ഷിക്കപ്പെട്ടിരിക്കുന്നു. കന്യകാമഠത്തിലായിരുന്നതിനാൽ പലപ്രതിബന്ധങ്ങൾ തീൎന്നശേഷമാണ് എനിക്കു പ്രവേശനം ലഭിച്ചതു്. സാധാരണപരിശുദ്ധന്മാരുടെശരീരങ്ങൾ കുഴിമാടത്തിൽ കിടക്കുന്നതായിട്ടാണു കണ്ടിട്ടുള്ളതു്. അതുപോലെ കാണുന്നതിനു വിചാരിച്ചിരുന്ന ഞാൻ കപ്പേളയിൽ പ്രവേശിച്ചപ്പോൾ മുടിയും കാപ്പയും ധരിച്ച് ഒരു സ്ത്രീ ഇരിക്കുന്നതു കണ്ടു് ആദ്യം ഞെട്ടിപ്പോയി. ശരീരം ആകപ്പാടെ ഒന്നു കറുത്തിട്ടുണ്ടു. അല്ലാതെ മരിച്ചശരീരത്തിന്റെ യാതൊരുലക്ഷണവുമില്ല കണ്ണടച്ചിരിക്കുന്നു, പല്ലും കാണാം, കൈവിരലിന്റെ നഖത്തിനിടയിലെ ചോരമയം കൂടെ പോയിട്ടില്ല. ശരീരം ഉണങ്ങിയിട്ടില്ല, മരിച്ച ഉടൻ ശരീരത്തിൽ തൊട്ടാൽ എന്നതുപോലെ മയമുണ്ടു്. ശരീരഅംഗങ്ങൾ ഇപ്പോഴും വഴങ്ങിക്കൊടുക്കും, കയ്യും മററും വലിച്ചുനീട്ടാം. ഞാൻ തൊട്ടുകണ്ടു, കൈകൾ നീട്ടികണ്ടു. ഈ പുണ്യവതിയുടെ ശരീരം കാണുന്നതിനായി 9-ാം പീയൂസ് മാർപ്പാപ്പാ ഇവിടെ ഒരിക്കൽവന്നു് കൈകൾപിടിച്ചു നീട്ടുകയും മററുംചെയ്തു ശേഷം കരഞ്ഞുപോയി. സ്വൎണ്ണമുടിയും സ്വൎണ്ണകാപ്പയും ധരിപ്പിച്ചാണു് ഇരുത്തിയിരിക്കുന്നതു്. ഈപുണ്യവതി മരിച്ചിട്ടു ഇപ്പോൾ 459 വൎഷങ്ങളായിരിക്കുന്നു. മരിച്ച 12-ാം ദിവസമാണു് ശവകുടീരത്തിൽ വച്ചതു്. അടക്കിയ 12-ാംവൎഷത്തിൽ കുഴിമാടത്തിൽനിന്നുംപെട്ടെന്നു് എണീററു പുറമേ ഉണ്ടായിരുന്ന ഒരു കസേരയിൽ ഇരുന്നു. ആ കസേര ആ മുറിയിൽഇപ്പോഴും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ആ സ്ഥാനത്തിൽ നിന്നും മാററി വേറൊരു കസേരയിലാണു് ഇപ്പോൾ ഇരുത്തിയിരിക്കുന്നതു്. എന്നാൽ ഇപ്പോഴത്തെ ഇരിപ്പ് കസേരയിൽ തൊടാതെയാണ്. ഇതുതന്നെ ഇടവിടാതെയുള്ള ഒരു അത്ഭുതമാണു. മരിച്ചു 12 വൎഷങ്ങൾ കഴിഞ്ഞശേഷം മൂക്കിൽനിന്നും വായിൽനിന്നും രക്തം വരികയുണ്ടായി അതു ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. ഈ പരിശുദ്ധ, ചിത്രമെഴുത്തിനു വളരെ സമൎത്ഥയായിരുന്നു. താൻ കണ്ടതുപോലെ ഉണ്ണിമിശിഹായുടെയും, പരിശുദ്ധദേവമാതാവിന്റെയും പടങ്ങൾ തന്നത്താൻ ചിത്രിച്ചതു ഈ മുറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. സംഗീതത്തിൽ അതിവിദഗ്ദ്ധയായിരുന്ന ഈസ്ത്രീരത്നം മരണക്കിടക്കയിൽവെച്ചു അവിടെ സന്നിഹിതരായി അവർ കണ്ടിരുന്ന മാലാഖമാരോടുകൂടെ റബേക്കു കൊട്ടിക്കൊണ്ടു് ദൈവസ്തുതികളേ പാടിയിരുന്നു. ആ റബേക്ക് ഈ മുറിയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്. ഈ പുണ്യവതിസ്വന്തം കൈപ്പടയിൽ എഴുതി ഉപയോഗിച്ച നമസ്കാരപ്പുസ്തകം, ഈ സിദ്ധ എഴുതിയ "ഏഴു ജ്ഞാന ആയുധങ്ങൾ" എന്നൊരു പുസ്തകം, അവരുടെ വസ്ത്രങ്ങൾ' തപസ്സിന്റെ ആയുധങ്ങൾ മുതലായവ ഒരു മുറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

ഈ ധനമല്ലാതെ വേറേ ധനം ഈ മഠനിവാസികൾക്കില്ല. ഇതിൽ അവർ തൃപ്തിപ്പെട്ടു ദൈവസ്തുതികളേ പാടികൊണ്ടു് അഗതികളായി പാൎക്കുന്നു. ഈ മഠത്തിനു ഒരു ധൎമ്മം ഞാനും കൊടുക്കുകയുണ്ടായി.

(കോട്ടയം പത്രിക)

# അടുക്കലടുക്കലുള്ള പാപസങ്കീൎത്തനത്തിന്റെ ആവശ്യകത.

നമ്മുടെ ആത്മാവ് ദൈവം അധിവസിക്കുന്ന ഒരാലയം ആണ്. ഒരു ശാല എത്ര വിശേഷമാണെങ്കിലും അതിന്റെ കതകുകളും ജനലുകളും ഏറിയനാളത്തേയ്ക്ക് അടച്ചിട്ടിരുന്നതായാൽ അതിലെ വായു ദുഷിച്ചുപോകയും ഒരുവക ദുൎഗ്ഗന്ധം അതിൽ വ്യാപിക്കയും ചെയ്യുന്നു. എന്നാൽ വാതിലുകളും ജനൽകളും തുറന്നിട്ടാൽ വായു ശുദ്ധമായിരിക്കും. ഇങ്ങനെ തന്നെയാണ് നമ്മുടെ ആത്മാവിന്റെ കാൎയ്യവും. അതിന്റെ വാതിലുകൾ തുറന്നിട്ടിരുന്നതായാൽ ദൈവഇഷ്ടപ്രസാദം എന്ന എത്രയും അപൂൎവ്വവും സുഖപ്രദവുമായ വായു അതിൽ പരിലസിച്ചുകൊണ്ടിരിക്കും. കൂടാതെയും ഒരു ശാലയിൽ കുപ്പയും പൊടിയും വൎദ്ധിച്ചിരുന്നാൽ, ശുചിയാക്കുന്നതു അതുകളെ വാരി പുറത്തുകളഞ്ഞുകൊണ്ടാണ്. അനേകം ദിവസങ്ങളും, ആഴ്ചകളും, മാസങ്ങളും എന്നല്ല വൎഷങ്ങളും കഴിഞ്ഞിട്ടു മാത്രം ഒരു വീടിനെ ശുചിപ്പെടുത്തുന്നതായാൽ എത്രവലിയ പ്രയാസം നേരിടും; ഇപ്രകാരം തന്നെ ആത്മാവിലും സംഭവിക്കുന്നു. നമ്മുടെ ആത്മാവിനെ ശുചിപ്പെടുത്തുക എന്നു പറയുന്നതു, അതിൽ പാപത്തിനു പ്രവേശനം കൊടുക്കാതിരിക്കയല്ല. പിന്നയോ പാപം പ്രവേശിച്ചാലുടൻ പാപസങ്കീൎത്തനം വഴിയായി അതിനെ നീക്കിക്കളയുക എന്നാണു.

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു നല്ല ക്രിസ്ത്യാനി ജീവിച്ചിരുന്നു. അവൻ പതിവായി അടുക്കലടുക്കൽ നല്ല കുമ്പസാരം കഴിച്ചുവന്നിരുന്നു. ഇങ്ങനെയിരിക്കെ പിശാച് അവനെ ഇപ്രകാരം പരീക്ഷിച്ചു "ചെയ്യുപാപങ്ങളെ അടുക്കലടുക്കൽ പട്ടക്കാരന്റെ പക്കൽ ചെന്നു കുമ്പസാരിക്കുന്നതുകൊണ്ട് എന്താണ് ഫലം. ആണ്ടുകുമ്പസാരത്തിൽ എല്ലാപാപങ്ങളും ഒരുമിച്ചു കുമ്പസാരിച്ചാൽ മതിയല്ലൊ" അയാൾ പിശാചിന്റെ ദുൎബുദ്ധികേട്ടു മയങ്ങിപ്പോയി. അയാളുടെ അടുക്കലടുക്കലുള്ള കുമ്പസാരം ഉപേക്ഷിച്ചുകളഞ്ഞു. ഇവൻ പതിവായി ചെയ്തുവന്നിരുന്ന കുമ്പസാരം കഴിക്കാത്തതെന്തുകൊണ്ടെന്ന് അവന്റെ കുമ്പസാരക്കാരൻ ആലോചിച്ചുകൊണ്ടിരിക്കയിൽ യാദൃശ്ചികമായി ഇവർ തമ്മിൽ കാണുന്നതിനിടയായി. അപ്പോൾ പട്ടക്കാരൻ അവനോടു "സഹോദരാ, അടുക്കലടുക്കലുള്ള കുമ്പസാരം നീ ഉപേക്ഷിച്ചു കളഞ്ഞോ" എന്നു ചോദിച്ചു. അതിനുത്തരമായി അവൻ പറയുന്നതായതു് "എന്റെ പാപങ്ങളെല്ലാം ആണ്ടുകുമ്പസാരത്തിന്റെ അവധിക്കു കുമ്പസാരിച്ചുകൊള്ളാം" അപ്പോൾ പട്ടക്കാരൻ "കൊള്ളാം ഞാൻ പറയുന്ന ഒരു കാൎയ്യം ദയവായി നീ ചെയ്യണം. നീ രണ്ടു സ്ഫടികപാത്രങ്ങൾ എടുത്തു, അവ രണ്ടും ചെളികൊണ്ടു നിറച്ചു, ഒരു പാത്രം നിന്റെ വീട്ടിന്റെ ഒരു മൂലയിൽ ദീൎഘനാളത്തേക്കു വച്ചു സൂക്ഷിക്കണം. മറ്റെ പാത്രം പ്രതിദിനം എടുത്തു അതിലെ ചെളി പുറത്തു കളഞ്ഞു കഴുകി ശുദ്ധിവരുത്തി വീണ്ടും ചെളികൊണ്ടു നിറച്ചു മുമ്പിലത്തെപ്പോലെ സൂക്ഷിക്കുക. ഇങ്ങനെ ദീൎഘനാളത്തേക്കു ചെയ്തുവരിക" എന്നു പറഞ്ഞു അവനെ അയച്ചു. കുറെനാൾ കഴിഞ്ഞപ്പോൾ അയാൾ പട്ടക്കാരന്റെ പക്കൽ ചെല്ലുകയുണ്ടായി. അപ്പോൾ പട്ടക്കാരൻ അയാളോടു "അല്ലയോ സ്നേഹിതാ, നീ പ്രതിദിനം ആ പാത്രം എടുത്തു ശുദ്ധിവരുത്തുന്നുണ്ടോ, അതിലെ ചെളി നിഷ്പ്രയാസം താഴെവീണുപോകുന്നില്ലേ, എന്നാൽ നീ ഇപ്പോൾ പോയി നിന്റെ വീട്ടിന്റെ മൂലയിൽ ദീൎഘകാലമായി വച്ചിരിക്കുന്ന പാത്രം എടുത്തു കഴുകി ശുദ്ധിചെയ്യ്" എന്നു പറഞ്ഞു. അതിനു അയാളുടെ മറുപടി കേട്ടാലും! "അത്ര എളുപ്പമല്ല. ചെളി ഉണങ്ങി പാത്രത്തോടു ഒട്ടിപ്പിടിച്ചിരിക്കുന്നു. കഴുകി ശുദ്ധമാക്കിയെടുപ്പാൻ ബഹു പ്രയാസം" അപ്പോൾ ഗുരു പറഞ്ഞതായ

ത്: "നിനക്കിപ്പോൾ സംഗതി മനസ്സിലായോ! ഈ രണ്ടാമത്തെ പാത്രംപോലെയാണ നിന്റെ ആത്മാവിപ്പോൾ ഇരിക്കുന്നത്. നിന്റെ ആത്മാവിൽ പാപം എന്ന ചേറു ദീർഘനാൾ ഇരിക്കുന്നതിനു നീ അനുവദിച്ചാൽ അതിനെ വീണ്ടും ശുദ്ധിപെടുത്തുന്നതിനു വളരെ പ്രയാസമാണ്" അയാൾ പട്ടക്കാരൻ പറഞ്ഞതെല്ലാം കേട്ടു അടുക്കലടുക്കലുള്ള പാപസങ്കീർത്തനത്തിന്റെ ആവശ്യകത മനസ്സിലാക്കി തദനുസരണം വീണ്ടും പ്രവൃത്തിച്ചു പോന്നു.

അടുക്കലടുക്കലുള്ള പാപസങ്കീർത്തനംകൊണ്ടു ആത്മാവിനു ലഭ്യമാകുന്ന അപൂർവ്വ നന്മകളെ കണ്ടിട്ട്, പിശാചിനു അസൂയ തോന്നാതിരിക്കുന്നില്ല. അതുകൊണ്ടു ഇത്ര വിശിഷ്ടമായ അഭ്യസനത്തെ അനുഷ്ഠിക്കാതിരിക്കുന്നതിനു ദുഷ്ടാരൂപി മനുഷ്യർക്കു പല ന്യായങ്ങളെ കാണിച്ചു കൊടുക്കും. വിശുദ്ധ ഡൊമ്മിനിക്കോസിന്റെ സഹോദരനായ ഒരു സന്ന്യാസി കഠിനരോഗം പിടിപെട്ടു ആസന്നമരണനായികിടക്കയിൽഅദ്ദേഹത്തിന്റെ മുറിയുടെ ഒരു മൂലയിൽ ഒരു പിശാചു വന്നു നിൽക്കുന്നതു കണ്ടു. "ദുഷ്ടാരൂപി! നീ എന്തിനിവിടെ വന്നു നിൽക്കുന്നു. എന്റെ ചോദ്യത്തിനു മറുപടി പറയുക. തിരുസഭയിൽ അനുഷ്ഠിക്കപ്പെടുന്ന പലകാര്യങ്ങളിൽ, നിനക്കു അശേഷം രസിക്കാത്തതു ഏതെന്നു പറക" എന്നു അദ്ദേഹം ആവശ്യപ്പെട്ടു. പിശാചാകട്ടെ യാതൊരു മറുപടിയും പറയാതെ നിന്നുകളഞ്ഞു. അപ്പോൾ അദ്ദേഹം ഈശോയുടെ നാമത്തിൽ ഉത്തരം പറയുക എന്നാജ്ഞാപിച്ചു. പിശാചു പറഞ്ഞ ഉത്തരമായതു്. "അടുക്കലടുക്കൽ പാപസങ്കീർത്തനം ചെയ്യുന്നതുപോലെ എനിക്കിത്ര രസമില്ലാത്ത സംഗതി വേറെയില്ല. എന്തുകൊണ്ടെന്നാൽ ആത്മാവു ചാവുദോഷത്തിൽ ഇരിക്കുന്ന കാലത്തോളം പൂർണ്ണമായി ഞങ്ങളുടെ വലയിൽ കിടക്കുന്നതിനാൽ ഞങ്ങളുടെ ഇഷ്ടംപോലെഅതിനേക്കൊണ്ടുപ്രവൃത്തിപ്പിക്കുന്നു. എന്നാൽമനസ്താപപ്പെട്ടുനല്ലകുമ്പസാരം കഴിക്കുമ്പോൾ അതു ഞങ്ങളുടെ അധീനത്തിൽ നിന്നു വിമുക്തമാകയും, തന്നിമിത്തം ഞങ്ങൾക്കു അപാരമായ നഷ്ടം സംഭവിക്കയും ചെയ്യുന്നു."

നരകശിക്ഷക്കു നമ്മെ പാത്രമാക്കുന്ന ചാവുദോഷത്തിൽ ഇരിക്കയില്ലെന്നു പ്രതിജ്ഞചെയ്യുന്നതിനും പുറമെ ദൈവത്തോടു സമാധാനപ്പെടുന്നതിനും നല്ല കുമ്പസാരം അവശ്യം കഴിക്കേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ നല്ല കുമ്പസാരം ഒന്നു മാത്രമാണ് നമ്മുടെ ആത്മത്തെ ശുദ്ധീകരിച്ചു ദൈവേഷ്ടപ്രസാദത്താൽ അലംകൃതമാക്കി, ആകാശമോക്ഷത്തെപ്പററിയുള്ള ഉറപ്പു നമുക്കു തരുന്നത്.

ആണ്ടിൽ ഒരിക്കലെങ്കിലും നല്ലകുമ്പസാരം ചെയ്യുന്നതിനു തിരുസഭ സകല ക്രിസ്ത്യാനികളെയും നിർബന്ധിക്കുന്നതിൽ നിന്നു കുമ്പസാരത്തിന്റെ ആവശ്യകത മനസ്സിലാക്കാവുന്നതാണ്. തിരുസഭയുടെ യഥാർത്ഥമായ ആഗ്രഹം സകല ക്രിസ്ത്യാനികളും അടുക്കലടുക്കൽ നല്ല കുമ്പസാരം ചെയ്തു ആത്മാവിനെ ശുദ്ധീകരിച്ചു ദൈവഇഷ്ടപ്രസാദത്തിൽ ഇരിക്കണമെന്നാണ്. തിരിച്ചറിവുള്ള സകലരും, കുട്ടികൾക്കൂടെയും, പാപം ചെയ്യത്തക്ക സ്ഥിതിയിൽ ആകകൊണ്ടു് അടുക്കലടുക്കലുള്ള കുമ്പസാരം എല്ലാവക്കും അവശ്യം വേണ്ട ഒന്നാണ്. ഈ വിശിഷ്ട വിഷയത്തിൽ മക്കളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചുമതല മാതാപിതാക്കന്മാക്കുണ്ടെന്നുള്ളതു് ഒരിക്കലുംവിസ്മരിച്ചുകളയേണ്ടതല്ല.

മനസ്താപപ്പെടുന്ന ഒരു പാപിയെപ്പററി ആകാശമോക്ഷത്തിൽ ദൈവ ദൂതൻമാർ ആനന്ദിക്കും.
(Luke. XV.10)

"പാപത്തിന്റെ ശിക്ഷ നിത്യമാകുന്നു. എന്നാൽ അതിന്റെ സന്തോഷം അല്പനേരത്തേയ്ക്കുമാത്രം"

(വി. ഫ്രാൻസീസ്ക്കോസ് അസീസി.)

"പാടുപീഡകൾ അല്പനേരത്തേക്കു മാത്രം, എന്നാൽ അവയ്ക്കു ലഭ്യമാകുന്ന സ്വർഗ്ഗീയസമ്മാനമോ അളവില്ലാത്തകാലത്തേയ്ക്കു നിലനിൽക്കും"

ഫാദർ സക്കറിയാസ്, സി. ഡി.

# യാക്കോബായ സഭയുടെ ഉൽഭവം.

## VI. യാക്കോബ് ബുർദായായും യാക്കോബായ സംജ്ഞയും.

ഡാക്ടർ ഫോർട്ടെസ്ക് എന്ന പണ്ഡിതൻ "പൌരസ്ത്യല്ലതരസഭകൾ" എന്ന ഗ്രന്ഥത്തിന്റെ എട്ടാമദ്ധ്യായം ആരംഭിച്ചിരിക്കുന്നതിപ്രകാരമാകുന്നു:- "സുറിയായിലെ ഏകസ്വഭാവവാദികളാകുന്ന യാക്കോബായക്കാർ. മററുസഭകളെ അപേക്ഷിച്ച് ജനസംഖ്യ വളരെ കുറവുള്ളതും ദാരിദ്ര്യദുഃഖത്തിൽ ജീവിക്കുന്നതും വിഭിന്നവുമായ ഒരു കൂട്ടമായിട്ടേ ഇവരെ ഗണിക്കുവാൻ നിവൃത്തിയുള്ളു. ഇവരുടെ മതാനുകൂലികളായ കോപ്ടിയർ എജിപ്ത് മുഴുവനും കൈവശപ്പെടുത്തിയതുപോലെ, യാക്കോബ്യക്ക സുറിയാ തന്നെയും മുഴുവനായി ഒരിക്കലും അധീനപ്പെട്ടിട്ടില്ല. ആധുനികകാലത്തു് പ്രത്യേകമായിട്ട് ദയാർ ബെക്കറിന്നു ചുററും ചിതറിക്കിടക്കുന്ന ഒരു ഏററവും ചെറിയ സമുദായമാണിവർ".

എജിപ്ത്, പലസ്തീന, സുറിയാ മുതലായ സ്ഥലങ്ങളിൽ കാൽദിദോൻ പൊതുസൂനഹദോസിനു എതിരായി ഒരു കക്ഷിയുത്ഭവിച്ച വിവരം മുൻ ലേഖനത്തിൽ പ്രസ്താവിച്ചുകഴിഞ്ഞുവല്ലൊ. ഇവയിൽ എജിപ്തിലുള്ള ഏകസ്വഭാവവാദികളെയാണ് കോപ്ടിയർ എന്നു വിളിച്ചുവരുന്നതു്. എജിപ്ത് എന്ന വാക്കിന്റെ ഗ്രേക്കുഭാവമായ "അയിഗുപ്ത്യോസി"ന്റെ അറബി രൂപമാണല്ലൊ "കോപ്ത്" എന്ന വാക്ക്. ഇതുപോലെ സുറിയായിലെ ഏകസ്വഭാവവാദികളെയാണ് യാക്കോബായ എന്ന നാമകരണം ചെയ്യപ്പെട്ടന്നതു്. ഈ പേരുമാററത്തിന്റെ കാരണം ചുവടെ പ്രസ്താവിക്കുന്നതിൽനിന്നു മനസ്സിലാക്കാം.

സുറിയായിലെ ഏകസ്വഭാവവാദികൾ ഒരു കക്ഷിയായിനിന്നുകൊണ്ടു് സ്വന്തം പാത്രിയാക്കീന്മാരെ ഏപ്പെടുത്തുന്നതിനല്ല ഉദ്യമിച്ചതു്. അന്നുണ്ടായിരുന്ന പാത്രിയാക്കാസ്ഥാപനങ്ങളെ കൈവശപ്പെടുത്തുവാനാണ് ആദിമഘട്ടങ്ങളിൽ അവർ ശ്രമിച്ചതു്. ഓർശലേമിൽ യുവനൽ പാത്രിയാക്കീനെ അവർ ഓടിച്ച പകരം ൪൫൨-ാമാണ്ട് തിയോഡോഷിയസിനെ ഏകസ്വഭാവ പാത്രിയാക്കായി സ്ഥാപിച്ചുവെങ്കിലും, ചക്രവത്തി അയാളെ തൽസ്ഥാനത്തിൽനിന്നു കാലവിളംബനം കൂടാതെ പലായനം ചെയ്യിച്ച വിവരം മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇപ്രകാരം തന്നെ അന്തിയോക്കിയായിലും ഇടകലന്നു കത്തോലിക്കരും അകത്തോലിക്കരുമായ പാത്രിയാക്കന്മാർ ഒരെനാൾ ഭരിച്ചുവന്നു. ഏകസ്വഭാവവാദ നേതാക്കന്മാരായ പത്രോസിന്നും (Peter the Fuller) സെവറസിനും (Severus) അന്ത്യോക്കിയാ പാത്രിയാക്കാസ്ഥാനം കുറെകാലത്തേക്കു അധീനമായി; പക്ഷെ ജസ്റ്റീനിയൻ ചക്രവത്തി (൫൨൭- ൫൬൫) കാൽദിദോൻ സൂനഹദോസിനെ പാലിക്കേണ്ടതു് തന്റെ ധമ്മമാണെന്നു് ബോധമുള്ള ആളായിരുന്നതിനാൽ അയാൾ സവ്വാത്മനാ പ്രയത്നിച്ച് ഏകസ്വഭാവ മെത്രാന്മാരെ എല്ലാം മാററുകയും പകരം കത്തോലിക്കരെ സ്ഥാപിക്കുകയും ചെയ്തു. ഇതിനാൽ ഏകസ്വഭാവവാദികളുടെ ശക്തി സുറിയായിലെങ്ങും ക്ഷയിച്ചു, അവർ അധോഗതിയെ പ്രാപിച്ചതുപോലെ തോന്നി. അവരുടെ മതദ്വേഷം നാമാവശേഷമായി തീരുമെന്ന വിഷമഘട്ടത്തിലെത്തിയെന്നു പറയാം

ഈ അത്യാപൽകട സന്ദർഭത്തിൽ അവരെ വിശേഷവിധി സഹായിച്ചതു് ചക്രവത്തിനിയായ തെയൊഡോറായും അവളുടെ നേതൃത്വത്തിൻകീഴ് യാക്കോബ് ബുർദായയുമായിരുന്നു. ചക്രവത്തിനി അവളുടെ സകല ശക്തിയും പ്രയോഗിച്ച് അവക്കു ഒരു സഭാഭരണക്രമം (hierarchy) സ്ഥാപിച്ചുകിട്ടുവാൻ കഴിയുന്നത്ര ഉത്സാഹിച്ചു. അവളുടെ സംരക്ഷണയിൽ ഈ കൃത്യം നിവ്വഹിച്ചതും, സുറിയായിൽ ഈ ഗണത്തെ പുനരുദ്ധാരണം ചെയ്യിച്ചതും, ഒരുവിധത്തിൽ ആധുനിക യാക്കോബായ സഭാസ്ഥാപകൻ എന്നു് നാമകരണം

ചെയ്യപ്പെട്ടാവുന്ന യാക്കോബ് ബുർദായ എന്നൊരു സന്യാസിയായിരുന്നു ഇയാളുടെ പേരു "യാക്കോബ്" എന്നായിരുന്നതുകൊണ്ടു "യാക്കോബായ" എന്ന സംജ്ഞ ഇയാളുടെ അനുയായികൾക്കും ഇയാൾ പുനഃസ്ഥാപിച്ച സൂറിയായിലെ ഏകസ്വഭാവ സഭക്കും സിദ്ധിച്ചു. ആരിയൂസിനെ അനുഗമിച്ചവർ ആരിയൻകാരെന്നും, നെസ്തോറീസിന്റെ ശിഷ്യർ നെസ്തോറിയൻകാരെന്നും എങ്ങനെ പേർ സിദ്ധിച്ചുവോ അതുപോലെ യാക്കോബ് ബുർദായ അനുസരിച്ച് അയാളെ പിൻചെന്നവർ "യാക്കോബായ" എന്ന സംജ്ഞ ലഭിച്ചു. ഇപ്രകാരമാണ് സൂറിയായിലെ ഏകസ്വഭാവവാദികൾ "യാക്കോബായക്കാരാ"യി പരിണമിച്ചത്.

ഇനി യാക്കോബ് ബുർദായുടെ ഒരു ചുരുങ്ങിയ ജീവചരിത്രംകൂടി ചേർത്തുകൊണ്ട്, ഈ ലേഖന പരമ്പരയുടെ ആദ്യഭാഗം, അതായതു, യാക്കോബായസഭയുടെ പൌരസ്ത്യ ഉത്ഭവം ഇവിടെ സമാപിക്കാം.

യാക്കോബ് ആറാം ശതകത്തിന്റെ ആദിമ ദശയിൽ "തെല്ലാ" എന്ന പട്ടണത്തിൽ ജനിച്ചു. തക്ക പ്രായത്തിൽ കോൺസ്റ്റന്റിനോപ്പുരിയിൽ ചെന്നു ഒരു സന്യാസാശ്രമത്തിൽ ചേർന്നു ചെറുപ്രായത്തിലെതന്നെ ഇയ്യാൾ ഒരു ഏകസ്വഭാവ വാദിയായിരുന്നു. എങ്കിലും ഇയ്യാളുടെ കാലത്ത് ഏക സ്വഭാവ വാദം ശൂന്യദശയെ പ്രാപിച്ച പതനത്തിലെത്തി. രണ്ടോ മൂന്നോ പേരൊഴിച്ച് ശേഷം എല്ലാ മെത്രാന്മാരും കാരാഗൃഹത്തിലായിരുന്നു. അലക്സാന്ത്രിയായിലെ ഏക സ്വഭാവ പാത്രിയർക്കായ തെയൊഡോഷിയസ് തലസ്ഥാനത്തുള്ള കാരാഗൃഹത്തിൽ കിടന്നുകൊണ്ട് ചക്രവർത്തിനിയുടെ സംരക്ഷണയിൽ രണ്ടുപേർക്ക് മെത്രാൻപട്ടം രഹസ്യമായിട്ടു കൊടുത്തു. ബോസ്രാ മുതലായ തെക്കൻ ദിക്കുകളിലേക്കു തിയോഡോറിനേയും, ഉർഹാ (Edessa) മുതലായ പൌരസ്ത്യ ദേശങ്ങളിലേക്കു യാക്കോബ് ബുർദായേയും ഇവർ മെത്രാന്മാരാണ്ടിടപ്പു വാഴിച്ചയച്ചു.

ബുർദായുടെ മെത്രാഭിഷേകാനന്തരം അയാൾ സൂറിയായിലെ എല്ലാ ഭാഗങ്ങളിലുംചുറ്റിസഞ്ചരിച്ച്, അവരുടെ ആത്മീയ കാര്യങ്ങളെ നിർവഹിച്ചുവന്നു. തന്റെ അശ്രാന്ത പരിശ്രമഫലമായി യാക്കോബായഗണത്തെ ഒരുവിധത്തിൽ അയാൾ പുനരുദ്ധാരണം ചെയ്തുവെന്നു പറയേണ്ടിയിരിക്കുന്നു. നാല്പതു സംവത്സരത്തോളം സൂറിയ എജിപ്റ്റ്, ത്രേസ് മുതലായ രാജ്യങ്ങളിൽ ചുറ്റിസഞ്ചരിച്ചു തന്റെ ഗണത്തെ പുനസ്ഥാപിപ്പാൻ ശ്രമിച്ചു. ഉദ്യോഗസ്ഥന്മാർ, സേവകന്മാർ കത്തോലിക്കാ മെത്രാന്മാർ, — ഇവരിൽനിന്നു ഓടിഒളിച്ച് രഹസ്യത്തിലാണു ഈ ജോലിനിവർത്തിച്ചതു. കഴുതയുടെ പുറത്തിടുന്ന ഒരു മാതിരി കട്ടിയുള്ള മേൽവസ്ത്രംകൊണ്ടു എപ്പോഴും മൂടിഒളിച്ചാണ് അയാൾ യാത്ര ചെയ്തിരുന്നത്. ഇമ്മാതിരി തുണിയ്ക്കു ബർദത്താ എന്നാണ് സൂറിയാനിപ്പേര്. ബർദ്ദന കഴുത എന്നവാക്കായിരിക്കാം ഇതിന്റെ മൂലം. ഇങ്ങനെയുള്ള തുണികൊണ്ട് എപ്പോഴും മൂടി സഞ്ചരിച്ചതുകൊണ്ടാണ് ബുർദായ എന്ന പേര് ഇയാൾക്കു സിദ്ധിച്ചതെന്ന് സാധാരണയായി വിചാരിച്ചുപോരുന്നു.

കോനൻ, എവുജീൻ എന്ന രണ്ടു സന്യാസികളും ഇയാളെ സദാ അനുഗമിച്ചതായി കാണുന്നു. ഇവരേയും എജിപ്റ്റിലയച്ചു മെത്രാന്മാരായി പട്ടംകൊടുപ്പിച്ചു വരുത്തി. എല്ലാസ്ഥലങ്ങളിലും ഏകസ്വഭാവകക്ഷിക്കു ഒരു നവജീവൻ ഉണ്ടായി. രണ്ടായിരംപേർക്കു ഇയാൾ പട്ടംകൊടുത്തതായി അസ്സേമാൻ പറയുന്നു. എന്നാൽ ഇരുപത്തെട്ടു മെത്രാന്മാരെയും, ഒരു ലക്ഷം പട്ടക്കാരെയും ദിയാക്കോൻമാരെയും അവരുടെ സ്ഥാനങ്ങളിലേക്കുയർത്തിയതായി മററുചില പണ്ഡിതന്മാർ പ്രസ്താവിച്ചുകാണുന്നുണ്ട്. ഇയാളുടെ ജോലിപ്രധാനമായി സൂറിയായിലായിരുന്നു. അന്ത്യോക്കിയാ പാത്രിയാർക്കീസ് സ്ഥാനം അയാൾ എടുത്തില്ലെങ്കിലും, രണ്ടുപേരെ തൽസ്ഥാനത്തിലേക്കു അയാൾ ഉയർത്തി. അന്ത്യോക്കിയായിലെ സെവറസ് പാത്രിയാർക്ക് നാടുകടത്തപ്പെട്ടു മരിച്ചപ്പോൾ, പകരമായി തെല്ലായിലെ സെർജിയസിനെ (൫൪൪-൫൪൬) ഇയാൾ അഭിഷേകം ചെയ്തുനിയമിച്ചു. സെർജിയസിന്റെ മരണാനന്തരം ഒരു എജിപ്റ്റിയൻ സന്യാ

സിയായ പൌലോസിനെ തൽസ്ഥാനത്താക്കി. ഇതിനോടുകൂടി സുറിയായിലെ യാക്കോബായക്കാർ ഒരു പ്രത്യേക ക്രിസ്തീയ ഗണമായിതീൎന്നു. ഇവരിൽനിന്നാണു് യാക്കോബായ പാത്രിയാൎക്കന്മാരുടെ പരമ്പര തുടങ്ങിയതു്. തന്റെ ജോലികളുടെ ആധിക്യത്താൽ ക്ഷീണിച്ചു് ൫൭൮-ൽ യാക്കോബു് ബുർദായ മരിച്ചു. അന്ത്യോക്കിയായിലെ സെവരസ് പാത്രിയാൎക്കിനെ തങ്ങളുടെ പ്രധാനനായകനായി ബർഹെബ്രേയ്യൂസ് (Barhebraeus) മുതലായ യാക്കോബായ പണ്ഡിതന്മാർ വിചാരിച്ചുവരുന്നുണ്ടെങ്കിലും വാസ്തവത്തിൽ യാക്കോബായ സഭാസ്ഥാപകനായി കരുതേണ്ടതു യാക്കോബു് ബുർദായയാകുന്നു. ഇയിനാൽ യാക്കോബു് എന്ന അയാളുടെ പേരു് സുറിയായിലെ ഏകസ്വഭാവവാദികളുടെ ഒരു പ്രത്യേക സംജ്ഞയുമായിത്തീൎന്നു.

ഞാൻ ഈ ലേഖന പരമ്പരയിൽ വിവരിച്ചിട്ടുള്ള വിധത്തിലാണു് യാക്കോബായ സഭയുടെ പൌരസ്ത്യ ഉത്ഭവമെന്നു് നിഷ്പക്ഷ വാദികളായ എല്ലാവൎക്കും വിശദമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. ഇതിൽനിന്നു യാക്കോബായ സഭ ഗ്നോസ്റ്റിക്ക്, ആരിയൻ, പെലാജിയൻ, നെസ്തോറിയൻ, മുതലായ മതദ്വേഷങ്ങളെ പോലെതന്നെ ഏകസ്വഭാവവാദത്തിൽനിന്നുത്ഭവിച്ച വെറും ഒരു "ഇടത്തൂട്ട്" സഭയാണെന്നും അതു് മ്ശീഹാ സ്ഥാപിച്ച സത്യസഭയല്ലെന്നും ധാരാളം തെളിയുന്നുണ്ടല്ലോ. പൌരസ്ത്യ സഭാചരിത്രത്തിൽ അതിവിദഗ്ദ്ധനെന്നു അകത്തോലിക്ക പണ്ഡിതന്മാർ കൂടി സമ്മതിച്ചിട്ടുള്ള ഡാക്ടർ ഫൊർട്ടസ്ക്കിന്റെ "പൌരസ്ത്യാല്പതരസഭകൾ" എന്ന പുസ്തകത്തെ അടിസ്ഥാനപ്പെടുത്തിയാണു് ഈ ലേഖനങ്ങൾ എഴുതപ്പെട്ടിട്ടുള്ളതു്. എങ്കിലും അസ്സേമാൻ, ബറോണിയസ്സ്, ഗിയാമിൽ, അൽസോഗ് മുതലായവരുടെ ഗ്രന്ഥങ്ങളും ഞാൻ യഥോചിതം ഉപയോഗപ്പെടുത്തീട്ടുണ്ട്.

പൌരസ്ത്യയാക്കോബായ സഭയുടെ ആധുനിക സ്ഥിതിയെക്കുറിച്ചു് ഡാക്ടർ ഫൊർട്ടസ്ക്യൂ എഴുതീട്ടുള്ള ഒരു ഭാഗംകൂടി ഇവിടെ ചേൎത്തുകൊണ്ടു് ഈ ലേഖനപരമ്പരയെ ഉപസംഹരിച്ചുകൊള്ളട്ടെ.

"യാക്കോബായ എന്ന പേരു് യാക്കോബ് ബുർദായയിൽ നിന്നാണെന്നുള്ളതിന്നു് സംശയമില്ല. യാക്കോബായക്കാരുടെ ആകപ്പാടെയുള്ള എണ്ണം ൧൮൯൬-ൽ ഏകദേശം എമ്പതിനായിരമായിരുന്നു. (സോസിൻ എന്ന പണ്ഡിതൻ നാല്പതിനായിരമെയുള്ളുവെന്നും, ഒരു ലക്ഷമുണ്ടെന്നു എത്ത്റിള്ളും പറയുന്നു) ദയാർബെക്കറിനും മർദീനും മദ്ധ്യത്തിലായി തിഗ്രീസ് നദിയോടടുത്തു് ത്വൂർ അബ്ദീൻ എന്ന ഡിസ്ത്രിക്ടിലാണു് ഇവരിൽ അധികഭാഗവും താമസിക്കുന്നതു്. ഇവിടെ ഏകദേശം നൂററിഅമ്പതു് യാക്കോബായ ഗ്രാമങ്ങളുണ്ടു്. ദയാർ ബേക്കറിലും എദേസ്സായിലും മൊസ്സൂളിലും ഇവരുടെ ചെറിയ കൂട്ടങ്ങളുണ്ടു്. ബാഗ്ദാദിലും ദമാസ്കസിലും അലപ്പോയിലും വളരെ കുറച്ചു കുടുംബങ്ങൾ മാത്രമെയുള്ളു. ഓർശലേമിൽ ഒരു ചെറിയ കൂട്ടമൊഴികെ പലസ്തീനായിൽ ഒരു കുടുംബം പോലുമില്ല. വിദ്യാവിഹീനരും (backward) ദരിദ്രരുമായ ഒരു സമുദായമാകുന്നു ഇവർ. പരിഷ്കൃത ക്രിസ്തീയ രാജ്യങ്ങളുടെ മേൽനോട്ടമില്ലാതിരുന്നതുകൊണ്ടും, പല ശതാബ്ദങ്ങളായി ഇവരനുഭവിച്ചു വന്ന വേദനകളും, "ഏകാന്തത" (isolation) യും മൂലവും ഇവർ തങ്ങളുടെ ചുററുമുള്ളവരുടെ പരിഹാസപാത്രമായിതീൎന്നിട്ടുണ്ടു്. കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടിട്ടുള്ള ഇവരുടെ സഹോദരരെക്കാൾ വളരെ താഴ്ന്ന ഒരു സ്ഥിതിയിലാണിവരെന്നു് ഇവരുമായി പരിചയപ്പെട്ടിട്ടുള്ള എല്ലാവരും സമ്മതിക്കുന്നു. ത്വൂർ അബ്ദീനിലുള്ള മുപ്പതോ നാല്പതോ ഗ്രാമക്കാർ ഇപ്പോഴും സുറിയാനി സംസാരിക്കുന്നുണ്ടെങ്കിലും, ശേഷമെല്ലാവരും അറബിയാണ് സാധാരണ സംഭാഷണം ചെയ്യുന്നതു്."

ഫാദർ ജോസഫ് പഞ്ഞിക്കാരൻ എം. ഏ.

# മാതാവിൻെറ ലുത്തനിയാ.

(തുടർച്ച)

എന്നും കന്യകമാർക്കുപൊൻമകുടമേ! സദ്ധക്കെഴും നായികേ!
മന്നിൽ കൽമഷമേശിടാതെ ജനനം കൈക്കൊണ്ട നാരീമണേ!
പൊന്നോമൽ ജപമാലരാജ്ഞി! മഹിതം കർമ്മേൽസഭാഭൂഷണാ-
ചരന്നശ്രീയുതയായ ദിവ്യജനനീ! ദൈവത്തെയർത്ഥിക്കണേ!

ക്രൂക്കമററം സ്കറിയാ ഡീക്കൻ.

പാരം വന്ദകർ, കന്യമാർ, സുകൃതന്മാരായവർക്കൊക്കെയും
ഹാ! രമ്യപ്രഥചേന്ന രാജ്ഞി! വമലോൽഭൂതാഢ്യഭൂവല്ലഭേ!
പേരഞ്ചും ജപമാല, കർമ്മേലസഭാ, ധാത്രീസമാധാനമീ–
സാരം ചേർന്നവ മൂന്നുമാളുമമലേ! പ്രാർത്ഥിക്കിവർക്കായി നീ

മുകളയിൽ ജോസഫ വാദ്ധ്യാർ.

എന്നും വന്ദകവൃന്ദമൊത്തു സുഭഗർ ചാരിത്ര്യസംശുദ്ധർ താ–
നെന്നല്ലാ സുരലോകരാസകലമിന്നമ്പുററു കുമ്പിട്ടിടും
മിന്നും നിർമ്മലയായ രാജ്ഞി! ജപമാലാലംബമാമംബികേ –
യെന്നും നീയിവനായി നിൻെറ സുതനോടർത്ഥിക്കണെ സദരം.

പ്ലാക്കിയിൽ ജോൺവാദ്ധ്യാർ.

"ധന്യർക്കു റാണി! വിമലോത്ഭവയായ മേരീ!
വിണ്ണിൻ പ്രസിദ്ധജപമാലയതിൻെറ നാഥേ!
കാർമ്മേൽസഭക്കൊരവതംസ സമാന രാജ്ഞി!
നിന്മക്കളാമിവരെയോർത്തുമിരക്കണേ നീ."

ക്രൂനംമൂച്ചി പി. ഏ. തോമസ്സ്.

ലേശം കല്മഷമുത്ഭവത്തിലണയാതുള്ളോരു രാജ്ഞീ! മഹാ
പുണ്യശ്രീവിളയുന്ന കർമ്മലസഭാ നാഥേ! വിശുദ്ധാലയേ!
പുണ്യാത്മാക്കളണിഞ്ഞിടുന്ന മണിയേ! കന്യാകുലോത്തംസമേ!
ചൊല്ലൊങ്ങും ജപമാലരാജ്ഞി! മരിയേ! നീ താനെനിക്കാശ്രയം.

ശാസ്താംകോട്ട എ. അൻറണി ഫർണാൻഡസ്.

നൈർമ്മല്യമാന്നവതരിച്ചൊരു പുണ്യപൂരേ!
ശർമ്മാഭവർണ്ണ ജപമാല നഭസ്ഥ താര!
കർമ്മേൽസഭാമഹിള തന്നുടെ ഭാസഹാരേ!
നിർമ്മത്സര! നരരെയോർക്കുക വേദസാരേ!

ജോസഫ് പി. പുലിക്കോടൻ.

വന്ദകർക്കരിയ റാണി, കന്യകകുലത്തിനെന്നുമൊരു രാജ്ഞി, നൽ–
പുണ്യവാളരുടെ മാതൃകേ! യമലജന്മമാണ്ട സുരനായികേ!
ഊനമററജപമാലറാണി! വരകർമ്മേലാഖ്യസഭതൻ സമാ–
ധാനരാജ്ഞി! വരമേകണം കരളലിഞ്ഞു സർവ്വവരദാംബികേ!

എ. ഫ്രാൻസിസ് അറാടൻ.

കന്യാതപം നലമായ് കഴിക്കുമബലാവൃന്ദത്തിനദ്ധ്യക്ഷയായ്,
ധന്യന്മാരുടെ സഞ്ചയത്തിനഖിലം താങ്ങായ പുണ്യേശ്വരീ!
നന്നായിട്ടമലോത്ഭവാ വിരുതിനും സംപ്രാപ്തയാം നായികേ!
യിന്നി "കർമ്മേലയാം സഭ"ക്കധിപ നീ പ്രാർത്ഥിക്കണേ നിത്യവും.

ററി. മാത്യു തിരുതാളിൽ.

സ്വർല്ലോകാമൃതമുണ്ടിട്ടും സകലരും കന്യാജനശ്രേണിയും
സോല്ലാസം, വിമലോത്ഭവേ! മറിയമേ! വാഴ്ത്തുന്നതേ രാജ്ഞിയായ്
കല്യേ! കർമ്മലനായികേ! ജപമഹാ മാലയ്ക്കു നല്ലീശ്വരീ!
വല്ലായ്മയ്ക്കിടയായിടാതിവനുവേണ്ടീട്ടെന്നുമർത്ഥിക്കണേ.

മാപ്പിളക്കുന്നേൽ മത്തായിമാപ്പിള.

ധർമ്മമേറെ വിളയുന്ന കന്നിമണിമാരുടേയുമഥവിണ്ണിലേ
നിർമ്മലർക്കുമൊരുപോലെ റാണിപദമാർന്നോരെന്റെയമലോത്ഭവേ!
കർമ്മലാഖ്യകലരും സഭയ്ക്കു തിലകത്തിനൊത്ത മരിയാംബ! യ–
ശ്ശർമ്മമാം നിലയമെത്തുമാറിവനുവേണ്ടി നിത്യവുമിരക്കണേ!

സി. മാത്യു കൂട്ടുമ്മേൽ.

വീതാഘജാതസുമതീ! ജപമാല്യധാത്രേ!
സൽ'കർമ്മലാ'ഞ്ചിത സനാതന സംഘനാഥേ!
ശാന്താകരേ! മതിമുഖീ! മഹിതേ! നമസ്തേ!
ത്വം പ്രാർത്ഥയാസ്മദ്ഭവപയുക്ത മൃഡീക്ഷ്യദേവം.

സി എം. സെബാസ്റ്റ്യൻ.

യുവകവികളുടെ ഇതേവരെയുള്ള ശ്രമം അത്യന്തം ഫലപ്രദമായിത്തീർന്നിട്ടുണ്ടെന്നുള്ള പരിശോധകന്മാരുടെ അഭിപ്രായത്തെ ഈ അവസരത്തിൽ സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു. ഇതിൽ സംബന്ധിച്ചിരുന്നവർക്കു കുസുമത്തിലെ കവിതാപംക്തികളിൽ മേലാൽ സ്വാതന്ത്ര്യമായി പ്രവേശനം ഉണ്ടായിരിക്കുന്നതാണ്. അതിനാൽ അവസരോചിതങ്ങളായ ഓരോ വിഷയങ്ങളെപ്പററി ഒരു പെയ്ജിൽ അധികം ദീർഘിക്കാത്തതായ പദ്യശകലങ്ങൾ അവർ എഴുതിഅയച്ചുതരുന്നതായാൽ യഥാവസരം അതുകളെ പ്രസിദ്ധീകരിച്ചുകൊള്ളുന്നതുമാണ്.

"കു. പ."

## പരേതനായ ഫാദർ ബർണാർഡ് വോൺ എസ്. ജെ. അവർകൾ

പ്രസിദ്ധ വാഗ്മിയും ക്രൂലിവേലക്കാരുടെ സമുദായോദ്ധാരണത്തിന്നു വേണ്ടി അനേകനാൾ ബുദ്ധിമുട്ടി പ്രവൃത്തിച്ചിരുന്ന ദേഹവും ഈശോസഭക്കാക്കുതന്നെ ഒരു അലങ്കാരവും ആയിരുന്ന ഫാദർ ബർനാർഡ് വോൺ അന്തരിച്ചുപോയ വിവരം ഈ മാസികാവായനക്കാരിൽ ഒട്ടുമിക്കപേരും ഇപ്പോൾ അറിഞ്ഞിരിക്കാൻ ഇടയുണ്ട്. ഇദ്ദേഹത്തെപ്പററി കൂടുതൽ വിവരങ്ങൾ അറിയുന്നതിനു പലർക്കും ആഗ്രഹമുണ്ടായിരിക്കുമെന്നു തോന്നുന്നു.

പുരാതനത്വംകൊണ്ടും സാമുദായിക നിലകൊണ്ടും ഇംഗ്ലണ്ടിൽ വളരെ പ്രസിദ്ധിയേറിയ ഒന്നാണു ഇദ്ദേഹത്തിന്റെ കുടുംബം. ഇദ്ദേഹത്തിനു ഏഴു സഹോദരന്മാരും അഞ്ചു സഹോദരികളും ഉണ്ടായിരുന്നു. പിതാവിനു തന്റെ മക്കൾ ലോകത്തിനടുത്ത വിധത്തിൽ ഓരോ ഉദ്യോഗങ്ങളിൽ പ്രവേശിച്ചു ഉയന്ന നിലയെ പ്രാപിച്ചുകാണണമെന്നു വളരെ ആഗ്രഹമുണ്ടായിരുന്നെങ്കിലും പുണ്യവതിയായ ഇവരുടെ അമ്മ തന്റെ മക്കൾ ഒന്നൊഴിയാതെ ദൈവ ഊഴിയക്കാരായി തീരണമെന്നു അതിയായി ആഗ്രഹിച്ചിരുന്നു. ഇതിലേക്കായി ദിവസം പ്രതി അരമണിക്കൂർ നേരം ഇവർ കർബാനയുടെ മുമ്പാകെ ചിലവഴിക്കു പതിവായിരുന്നു. മൂത്തമകനെ പട്ടാളത്തിൽ ഒരു ഉദ്യോഗസ്ഥനാക്കണമെന്നാണു പിതാവിന്നുണ്ടായിരുന്ന വിചാരം. എന്നാൽ ഈ മൂത്തപുത്രൻ തന്നെ വൈദികവൃത്തി അവലംബിച്ചു ഒടുവിൽ വെസ്റ്റ്മിനിസ്റ്ററിലെ കർദ്ദിനാ

ൾ മെത്രാപ്പോലീത്തായായിരിന്നു. പുത്രികൾ എല്ലാം കന്യാസ്ത്രീകളായി. പുത്രന്മാർ എട്ടുപേരും സിമ്മനാരിയിൽ ചേൎന്നു പഠിച്ചു എങ്കിലും ഇതിൽ രണ്ടുപേൎക്കു ദൈവവിളിയില്ലാതിരുന്നതിനാൽ മടങ്ങിപ്പോയി. ബാക്കിയുണ്ടായിരുന്ന ആറു സഹോദരന്മാരും വൈദികരായി. ഇവരിൽ ഒരാളാണു ഇപ്പോൾ കാലംചെയ്ത ഫാദർ വോൺ. ഇദ്ദേഹത്തിനു ഗുരുപ്പട്ടം കിട്ടിയതിൻെറശേഷം പത്തു വൎഷത്തോളം ഇദ്ദേഹം മാൻചസ്റ്റർ എന്നപട്ടണത്തിലാണു പ്രവൃത്തിനടത്തിയിരുന്നതു. അക്കാലങ്ങളിൽ ഇദ്ദേഹത്തെപ്പററി വിശേഷവിധിയായി ജനങ്ങൾ ഒന്നും കേട്ടിരുന്നില്ല. എന്നാൽ ലണ്ടനിൽ ഫാം തെരുവിൽ (Farm Street) ഈശോസഭക്കാർക്കുള്ള പള്ളിയിൽവന്നു കുറച്ചു കഴിഞ്ഞപ്പോഴേക്കും ഒരു നല്ല വാഗ്മിയെന്നുള്ള പേരു ഇദ്ദേഹത്തിനു ലഭിച്ചു. ഇദ്ദേഹം പ്രസംഗിക്കുന്ന അവസരങ്ങളിൽ പള്ളിയിൽ ജനങ്ങൾക്കു സ്ഥലം മതിയാകാതെ വന്നിരുന്നു. കത്തോലിക്കർ അല്ലാത്തവർ തന്നെ പലരും ഇദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുന്നതിനു വരിക പതിവായിരുന്നു. ഒരു വാഗ്മി എന്ന നിലയിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന ഖ്യാതി ഓരോ കൊല്ലം കഴിയുംതോറും വൎദ്ധിച്ചുകൊണ്ടു തന്നെ ഇരുന്നു. വളരെ ദരിദ്രന്മാരായ വേലക്കാർ തിങ്ങിത്താമസിക്കുന്ന ലണ്ടൻ പട്ടണത്തിൻെറ ഒരു ഭാഗമായ ഈസ്റ്റെണ്ടു (East End) എന്ന സ്ഥലത്തുള്ള ഒരു കത്തോലിക്കാപ്പള്ളിയുടെ വികാരിയായി ഇദ്ദേഹം പത്തുപതിനഞ്ചു കൊല്ലം ജോലിനോക്കിയിട്ടുണ്ടു. അക്കാലങ്ങളിൽ ആ ഭാഗങ്ങളിലുള്ള വേലക്കാരുടെ ഏററവും നികൃഷ്ടമായ ജീവിതത്തെ പരിഷ്കരിക്കുന്നതിനായും മൃഗപ്രായന്മാരായി നടന്നിരുന്ന ഇക്കൂട്ടരുടെ ഇടയിൽ ദൈവസ്നേഹത്തിൻെറ വെളിച്ചം പ്രകാശിപ്പിക്കുന്നതിനായും ഇദ്ദേഹം ഭഗീരഥപ്രയത്നം ചെയ്തിട്ടുണ്ടു. ഇതിനു മുമ്പു വാണിരുന്ന എഡ്വർഡ് ചക്രവൎത്തിയും ഫാദർ വോണും വലിയ സ്നേഹിതന്മാരായിരുന്നു. ചക്രവൎത്തി ആസന്നമരണനായി കിടക്കുമ്പോൾ അദ്ദേഹം ഫാദർ വോണിനെ ആളയച്ചുവരുത്തുകയും കുറെ അധികം നേരം ഫാദർ വോൺ മാത്രം ചക്രവൎത്തിയോടുകൂടി ഉണ്ടായിരിക്കയും ചെയ്തു. ആ സമയത്തു ചക്രവൎത്തി കത്തോലിക്കാമതത്തെ സ്വീകരിച്ചു എന്നു ബലമായ സംസാരമുണ്ടായിരുന്നു. ആ സംസാരം ഇപ്പോഴും ഇല്ലാതില്ല.

ഞാൻ ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന ആദ്യകാലങ്ങളിൽ ഫാദർവോൺ അമേരിക്കാ, ജപ്പാൻ, ചൈനാ മുതലായ രാജ്യങ്ങളിൽ ചുററിസഞ്ചരിച്ചിരുന്നതുകൊണ്ടു ഇദ്ദേഹത്തെ കാണുന്നതിനൊ ഇദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുന്നതിനൊ എനിക്കു അക്കാലങ്ങളിൽ സാധിച്ചില്ല. എന്നാൽ ഞാൻ മടങ്ങിപ്പോരുന്നതിന്നു അല്പം മുമ്പായി പല തവണയും ഇദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേൾക്കുന്നതിനു കഴിഞ്ഞു. ആദ്യത്തെ തവണ ഒരു വിശേഷ സംഭവം നടന്നതു പറയാം. അക്കാലങ്ങളിൽ സ്ത്രീകൾക്കു വോട്ടുകിട്ടണമെന്നുള്ള ബഹളം മൂൎദ്ധന്യാവസ്ഥയെ പ്രാപിച്ചിരിക്കയായിരുന്നു. സ്ത്രീകൾ പല പ്രോട്ടസ്റ്റൻറു പള്ളികളിലും കേറി ശല്യങ്ങൾ നടത്തിട്ടുണ്ടായിരുന്നു. അന്നുവരെ എന്തുകൊണ്ടോ കത്തോലിക്കാ ദേവാലയങ്ങളിന്മേൽ അത്ര തന്നെ അവരുടെ ശ്രദ്ധപതിഞ്ഞിരുന്നില്ല. ഇങ്ങനെ ഇരിക്കുമ്പോഴാണു വെസ്റ്റ്മിനിസ്റ്റർ കത്തീഡ്റൽ പള്ളയിൽ ഒരു ഞായറാഴ്ചവാഴ്‌വിനു മുമ്പായി ഫാദർ വോൺ പ്രസംഗിക്കുമെന്നു ഒരു നോട്ടീസു കണ്ടതു. ഞാൻ മുൻകൂട്ടിചെന്നു ഒരു സ്ഥലം പിടിച്ചു. അന്നു ആ ദേവാലയത്തിൽ രണ്ടു പ്രസംഗപീഠങ്ങൾ ഉണ്ടായിരുന്നു. മാർബിൾകല്ലുകൊണ്ടു ഉണ്ടാക്കിയിരുന്ന ഒന്നു ബലിപീഠത്തോടു സ്വല്പം അടുത്തായിരുന്നതിനാൽ ഒടുവിൽ ഇരിക്കുന്നവൎക്കു പ്രസംഗങ്ങൾ കേൾക്കാൻ പ്രയാസമായിരുന്നു. അതുകൊണ്ടു പള്ളിയുടെ ഏകദേശം മദ്ധ്യത്തിലായി മരംകൊണ്ടു താല്കാലികമായി ഉണ്ടാക്കിയിരുന്ന വേറൊരു പ്രസംഗപീഠവും ഉണ്ടായിരുന്നു. ആദ്യം പറഞ്ഞ മാർബിൾ പീഠത്തിന്മേൽ നിന്നായിരിക്കും ഫാദർ വോൺ പ്രസംഗിക്കാൻ പോകുന്നതെന്നു കരുതി ഞാൻ അതിന്ന

ടുത്തായിരുന്നു ഇരുന്നിരുന്നതു്. പ്രസംഗത്തിനു നിശ്ചയിച്ചിരുന്ന കൃത്യസമയമായപ്പോൾ ഒരു സ്ത്രീ മാർബിൾ പ്രസംഗപീഠത്തിന്മേൽ കേറി നില്ക്കുന്നതുകണ്ടു. പെട്ടെന്നു കാൎയ്യമൊന്നും എനിക്കു മനസ്സിലായില്ല. ഫാദർ വോൺ എന്തോ സുഖക്കേടുകൊണ്ടോമറ്റൊ വരാൻ സാധിക്കയില്ലെന്നു പള്ളിയിൽ കൂടിയിരുന്നവരെ അറിയിക്കാൻ പോകയായിരിക്കുമെന്നു കരുതി, അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുന്നതിനായി ആറേഴുനാഴിക ദൂരത്തുനിന്നും ചെന്നിരുന്ന എനിക്കു വലിയ കുണ്ഠിതം തോന്നി. എന്നാൽ ഇങ്ങിനെയുള്ള സംഗതികൾതന്നെ കത്തോലിക്കാ ദേവാലയങ്ങളിൽ സ്ത്രീകൾ അറിയിക്കാറില്ലല്ലോ എന്നുള്ള ആലോചന എനിക്കു അപ്പോൾ വന്നില്ല. ഉടനെ തന്നെ സ്ത്രീ പ്രസംഗിക്കാനും തുടങ്ങി. രണ്ടു വാക്കു പുറത്തു വന്നപ്പോഴേക്കും കാൎയ്യം മനസ്സിലായി–സ്ത്രീകൾക്കു വോട്ടു കിട്ടുന്നതിനു ബഹളം കൂട്ടി നടന്നിരുന്നതിൽ ഒരു പ്രമാണിയായിരുന്നു ഈ വേഷംകെട്ടിയതു. ഒട്ടും താമസംകൂടാതെ ഇവരെ പിടിച്ചു താഴത്തിറക്കി ദേവാലയത്തിനു പുറത്തു കൊണ്ടുപോയിവിട്ടു. ഇതെല്ലാം ഒരു മിന്നിററുകൊണ്ടു കഴിഞ്ഞു. ഈ സ്ത്രീയെ പുറത്തേക്കു കൊണ്ടുപോകുന്നതു കാണ്മാൻ ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ രണ്ടാമത്തെ പ്രസംഗപീഠത്തിൽ ഫാദർ വോൺ ശാന്തഗംഭീരനായി നിൽക്കുന്നതു കണ്ടു.

ഇതിന്റെ ശേഷവും മൂന്നു നാലു സ്ഥലത്തുവച്ചു ഇദ്ദേഹത്തിന്റെ പ്രസംഗം ഞാൻ കേട്ടിട്ടുണ്ടു്. കത്തോലിക്കാസഭക്കുവേണ്ടി ഏകദേശം അര നൂററാണ്ടോളം കാലം പൊരാടിയതും വാളിനെക്കാൾ മൂർച്ചയുള്ളതുമായ ഇദ്ദേഹത്തിന്റെ നാവിനു ഇപ്പോൾ ചലനമില്ലാതായിതീൎന്നിരിക്കുന്നു. മ്ശിഹായുടെ ഈ വീരയോദ്ധാവിനു തന്റെ പ്രവൃത്തിക്കനുസരണമായ സമ്മാനം ലഭിച്ചിരിക്കുമെന്നുള്ളതിന്നു സംശയമില്ല. എങ്കിലും ഇദ്ദേഹത്തിന്റെ നിത്യശാന്തിക്കായി എല്ലാവരും പ്രാൎത്ഥിപ്പാറാകട്ടെ.

ജോസഫ് തളിയത്തു എം. എ.
ബാർ അററ് ലാ.

## ഫാദർ പയസ് അവർകളുടെ അഞ്ചു മുറിവുകൾ. (തുടർച്ച)

(ഫാദർ കമ്മിൻസ് ഒ എസ്. ബി. ഡി. ഡി. അവർകൾ 'Tabernacle and Purgatory' എന്ന മാസികയിൽ എഴുതിയ ലേഖനത്തിന്റെ തൎജ്ജമ)

വി: കുർബാനക്കു മുൻപായി ഫാദർ പയസ് തന്റെ മുറിവുകളെ മറച്ചിരുന്ന കൈമേസുകൾ ഊരിയെങ്കിലും, അദ്ദേഹത്തിന്റെവെള്ളക്കുപ്പായത്തിന്റെ നീളമുള്ള കൈകൾ അദ്ദേഹത്തിന്റെ കൈപ്പത്തികളെ മറച്ചിരുന്നതിനാൽ കാഴ്ചവെപ്പിന്റെ അവസരത്തിലും, വി: കുർബാന എഴുന്നെള്ളിച്ചുയൎത്തുന്ന അവസരത്തിലും മാത്രമേ, പ്രസ്തുത മുറിവുകൾ ഉപായത്തിലെങ്കിലും ദൃഷ്ടിഗോചരമായിരുന്നൊള്ളു. (അഹോ! എന്തൊരുകാഴ്ച! കരിശിൽതറക്കപ്പെട്ട നമ്മുടെ രക്ഷനാഥൻ, തന്റെ, പട്ടക്കാരന്റെ, കുത്തിമുറിക്കപ്പെട്ട കരങ്ങളാൽ സ്വൎഗ്ഗീയപിതാവിനു കാഴ്ചവക്കപ്പെടുന്നു!)

കുർബാന എഴുന്നെള്ളിച്ചുകൊടുക്കുന്ന അവസരത്തിൽ, ഓരോരുത്തരുടേയും താളിക്കുതാഴെയായി പാത്രവും പിടിച്ചുകൊണ്ടു് ഞാൻ പയസച്ചന്റെ ഇടത്തുഭാഗത്തായി നിന്നപ്പോൾ, തലേദിവസം രാത്രി ഞാൻ മുത്തിയതായ അദ്ദേഹത്തിന്റെ ഇടത്തെ കയ്യിലെ മുറിവു് മൂടിത്തന്നെയിരുന്നിരുന്നെങ്കിലും, വലത്തെ കയ്യുടെ പിൻവശത്തുള്ള മുറിവു് എനിക്കു കാണാമായിരുന്നു. ഓരോരുത്തരുടേയും നാവിൽ അദ്ദേഹം പരിശുദ്ധ

കുർബാന നിക്ഷേപിക്കുന്ന അവസരങ്ങളിൽ അദ്ദേഹത്തിന്റെ ഉള്ളംകയ്യും എനിക്കു കാണാമായിരുന്നു. കയ്യുടെ പുറവശത്തെ മുറിവ് ഒരു അര ഡോളർ (വെള്ളി) നാണയത്തിന്റെ വലിപ്പവും, അകത്തുവശത്തുള്ള മുറിവ് ഒരു മുഴ ഡോളറിന്റെ വലിപ്പവും ഉള്ളതായിരുന്നു. മുറിവുകൾ പരസ്പരം കിഴിഞ്ഞിറങ്ങിയിട്ടുള്ളവയല്ലായിരുന്നെങ്കിലും, അവ ഒരിക്കലും സുഖപ്പെടാൻ പാടില്ലാത്തതുപോലെ കാണപ്പെട്ടു. മുറിവുകളുടെ മുകളിലായി ആറൊ, എട്ടൊ, ചെറിയ രക്തത്തുള്ളികൾ ഉറച്ചിരിക്കുന്നതായും ഞാൻ കണ്ടു.

ദിവ്യകാരുണ്യം ഉൾക്കൊള്ളാൻ വന്നവരുടെ കൂട്ടത്തിൽ ഒരു കുട്ടി മാത്രമെ ഉണ്ടായിരുന്നൊള്ളു. അതൊരു പെൺകുട്ടിയുമായിരുന്നു. ആ പെൺകുട്ടിയെ ഞാൻ വിശിഷ്യാ സൂക്ഷിച്ചു. എല്ലാവരിലും ഒരേ മുഖഭാവമേ, പ്രത്യക്ഷമായിരുന്നൊള്ളു. ആയതു നമ്മുടെ കർത്താവിനോടുള്ള ഭക്തിയും, പയസച്ചനോടുള്ള അനുകമ്പയും— എനിക്കു വേറെ വാക്കുകിട്ടുന്നില്ല— കലൎന്നിട്ടുള്ളതായിരുന്നു. അതൊരു വിഷമതയെ ഉളവാക്കുന്ന അനുകമ്പയല്ലായിരുന്നു; എന്നാൽസ്വയം നിയന്ത്രിക്കാവുന്നതും, മനസന്തുഷ്ടിയോടു കൂടിയതുമായിരുന്നു. വാസ്തവത്തിൽ വി. കുർബാനയുടെ സമയത്തു നിലവിളിയുടെ ലക്ഷ്യങ്ങൾ ധാരാളമുണ്ടായിരുന്നുവെങ്കിലും, വിങ്ങി വിങ്ങിയുള്ള ഒരു നിലവിളിയും ഞാൻ ശ്രവിച്ചില്ലതന്നെ. വേദന അധികമായനുഭവിക്കുന്നെങ്കിലും, അതിനെ ജയിക്കത്തക്ക മഹത്തരമായ എന്തൊ ഒരു ശക്തി സൎവ്വത്ര വ്യാപിച്ചിരുന്നു. മുറിവേല്പിക്കപ്പെട്ട കയ്യിൽനിന്ന് ജീവന്റെ അപ്പത്തെ സ്വീകരിക്കുന്നതിനായി മുട്ടുകുത്തി നിന്നിരുന്ന ഓരോ വരിയിലും ഉള്ള എല്ലാമുഖങ്ങളിലും, കുരിശിൽ തറക്കപ്പെട്ട തന്റെ പുത്രനോടുകൂടി സങ്കടപ്പെടുന്ന സന്താപനിമഗ്നയായ മാതാവിന്റെ മനോഹരമായ ആകൃതികളെ ഞാൻ കണ്ടു.

ആ ചെറിയ പെൺകുട്ടിയുടെ വലിയ ഭക്തിയോ, സഹതാപമോ, അല്ലായിരുന്നു എന്റെ ശ്രദ്ധയ്ക്കു സവിശേഷം അവളെ ആകർഷിച്ചതു്; എന്നാൽ പയസച്ചന്റെ കയ്യിലെ മുറിവുകൾ കാണുന്നതിൽ അവൾ പ്രകടിപ്പിച്ച കുട്ടികൾക്കുടുത്ത നിഷ്കളങ്കമായ ഒരു കൌതുകം മാത്രമായിരുന്നു. ദിവ്യകാരുണ്യത്തിൽ ദൃഷ്ടി പതിച്ചില്ലെങ്കിലും, അവൾ ഭക്തിക്കുറവ് ലേശമെങ്കിലും കാണിച്ചില്ല. അവൾ ആദ്യംതന്നെ പയസച്ചന്റെ ഉള്ളംകൈ നോക്കുന്നതിനായി തല ചരിക്കുകയും, പിന്നീടു മറുവശം കാണുന്നതിനായി തല കൂടുതൽ ഉയൎത്തുകയും ചെയ്തു. ഇവയെല്ലാം സ്വാഭാവികമായ വിധത്തിലും, ഗൌരവത്തോടും എന്നാൽ ഭക്തിയോടുകൂടിയുമാണ് ചെയ്തതു്. എങ്ങിനെയായിരുന്നാലും, ആ പെൺകുട്ടിയുടെ ഹൃദയത്തിൽ അപ്പോൾ പ്രവേശിച്ച കർത്താവ് തന്റെ ശിഷ്യഗണത്തോട്, കൊച്ചു കുട്ടികളെപ്പോലെയായിത്തീരുന്നതിന് അവശ്യപ്പെടുന്നതുകൊണ്ട്, അവളുടെ, കൊച്ചുകുട്ടികൾക്കുടുത്ത ജിജ്ഞാസ സൎവ്വഥാ ക്ഷന്തവ്യംതന്നെ.

തിരുഓസ്തിയുടെ ഓരോ ചെറിയ ഭാഗങ്ങളിലും പയസച്ചൻ എത്രയോ സൂക്ഷ്മമുള്ളവനായിരുന്നു. അതെ, സംശയമെന്യേ സൂക്ഷ്മമുള്ളവനായിരുന്നു. ഒന്നാമത്തെ ആളിന് വി: കുർബാന കൊടുത്തപ്പോൾ അതിന്റെ ഒരംശം എന്റെ കയ്യിൽ പിടിച്ചിരുന്ന പാത്രത്തിൽ വീണു. വാസ്തവത്തിൽ എനിക്കു തന്നേയും കാണാൻ കഴിയാത്തതുപോലെ അത്ര ചെറിയ ഒരു അംശമായിരുന്നിട്ടും, താഴെ വീണ ഒരു കുഞ്ഞിനെ അതിന്റെ മാതാവ് എടുക്കുന്നതുപോലെ സ്വാഭാവികമായും, സ്നേഹപൂൎണ്ണമായും, അവിചാരിതമായും, എന്നാൽ എത്രയും വേഗത്തിലും അദ്ദേഹം അതിനെ എടുത്തു.

അദ്ദേഹം പൂജാവസ്ത്രങ്ങൾ മാറുന്ന അവസരത്തിൽ എനിക്കു വേറൊരതിശയത്തിനുകൂടെയും കാരണമുണ്ടായി. പയസച്ചനിൽനിന്നു പുറപ്പെടുന്ന അതിശയകരമായ ഒരു സുഗന്ധത്തെപ്പററി ഞാൻ വളരെ കേട്ടിട്ടുണ്ടായിരുന്നു. ഉദാഹരണമായി— അമേരിക്കായിലും മററും, വളരെ പ്രസിദ്ധനായ ഒരു മെത്രാപ്പോലീത്താച്ചന്റെ കൈവശം ഫാദർ പയസ് അവർകളുടെ ഒരു പട്ടം മുടിത്തൊ

പ്പി (Skull-cap) അദ്ദേഹത്തിന്റെ സ്മരണയ്ക്കായിട്ടെന്നതുപോലെ, ഉണ്ടായിരുന്നു. ആ വൈദികശ്രേഷ്ഠൻ റോമായിലുള്ള അമേരിക്കൻ കോളേജ് സന്ദർശിച്ചപ്പോൾ പ്രസ്തുത തൊപ്പി ഉപയോഗിച്ചിരുന്നു. ഞാൻ റോമായിൽനിന്നു ഫോജിയായിലേക്കു പുറപ്പെടുന്നതിനു മുമ്പൊരിക്കൽ മേൽപറഞ്ഞ കോളേജ് സന്ദർശിക്കയുണ്ടായി. ആ അവസരത്തിൽ പ്രസ്തുത കോളേജ് പ്രവർത്തകനിൽ നിന്ന് ഇപ്രകാരം കേൾക്കുന്നതിന് എനിക്കിടയായി–; “മെത്രാപ്പോലീത്താ, പയസച്ചനെ സന്ദർശിച്ചപ്പോൾ ഓർമ്മക്കായി അദ്ദേഹത്തിന്റെ പട്ടം മൂടിത്തൊപ്പി വാങ്ങിച്ചിരുന്നു. പിന്നീട് അദ്ദേഹം ഈ കോളേജു സന്ദർശിക്കുന്നതിനായി വന്ന സമയം തൊപ്പിയും കൂടെ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അന്നു ആ തൊപ്പി ഇവിടെ ഒരു മേശയിൽ വച്ചിരുന്നപ്പോൾ അതിൽനിന്നു പുറപ്പെട്ട ആകർഷണീയമായ വാസന അനിഷേദ്ധ്യമായിരുന്നു. ഇങ്ങനെയുള്ള സംഗതികൾ ശ്രവിക്കുന്നതിൽ എനിക്ക് അത്യധികം താല്പര്യമായിരുന്നെങ്കിലും ഇതു ഞാൻ വിശ്വസിച്ചില്ല. കുർബാനക്കു മുമ്പായി അദ്ദേഹം ധരിച്ചിരുന്ന പൂജാവസ്ത്രങ്ങളിൽ നിന്നുള്ള ഒരു ഹൃദ്യമായ വാസന ഞാനനുഭവിച്ചെങ്കിലും, അസാധാരണയായ ഒന്നാണു അതെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഒന്നുകിൽ മറ്റുള്ളവർക്കു തെറ്റിപ്പോയതായിരിക്കണം; അഥവാ ആ വാസന അനുഭവിക്കുന്നതിനു എനിക്കു യോഗ്യതയില്ലാഞ്ഞിട്ടായിരിക്കണം, എന്നു ഞാൻ വിചാരിച്ചു. എന്നാൽ കുർബാന കഴിഞ്ഞ് അദ്ദേഹം പൂജാവസ്ത്രങ്ങളിൽ ഒന്ന്, ഊരുന്ന അവസരത്തിൽ നിനച്ചിരിയാത്ത വിധത്തിൽ പെട്ടെന്ന്– അദ്ദേഹത്തിന്റെ വസ്ത്രത്തിൽ നിന്നായിരിക്കണം– ഒരസാധാരണ സുഗന്ധം പുറപ്പെട്ടു. അതു ഒരു നിമേഷനേരത്തേക്കു മാത്രമേ നിലനിന്നുള്ളുവെങ്കിലും, ഒരിക്കലും വിസ്മരിക്കാൻ പാടില്ലാത്തതുപോലെ അതു അത്ര ഹൃദ്യമായിരുന്നു. ഇതു നിമിത്തം എന്റെ ഉദ്ദേശത്തിനു പ്രതികൂലമായി പയസച്ചനു ഈ അനുഗ്രഹം കൂടിയുണ്ടെന്ന് എനിക്കു വിശ്വസിക്കേണ്ടി വന്നുപോയി. അവരുടെ പ്രോവിൻഷ്യൽ (Provincial) അച്ചന്റെ അജ്ഞാനുസരണം,– (അദ്ദേഹത്തിനു ഇതിനെപ്പറ്റി യാതൊരറിവും ഇല്ലാതിരുന്നതിനാൽ)– ഒരിക്കൽ അദ്ദേഹം പറഞ്ഞതിപ്രകാരമായിരുന്നു; “എന്നിൽനിന്ന് അസാധാരണമായ എന്തെങ്കിലും ഒരു വാസന പുറപ്പെടുന്നതായി എനിക്കു യാതൊരറിവും ഇല്ലെന്നു ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു”. ദൈവശാസ്ത്രജ്ഞന്മാർ (Theologians)“charisma”എന്നു പറയുന്ന ഈ ദൈവദാനം, അതു ലഭിച്ചിരിക്കുന്നയാൾ അനുഭവിക്കുന്നതിലേക്കായിട്ടല്ല, പിന്നെയോ, മറ്റുള്ളവർ അനുഭവിച്ച് അതു വഴിയായി അവരെ പുണ്യപൂർണ്ണതയിലേക്ക് ആകർഷിക്കുന്നതിനായിട്ടു മാത്രമാണല്ലോ നൽകപ്പെടുന്നതു്.

വേർപാടിന്റെ അവസരത്തിലെ അനുഗ്രഹം വാങ്ങിക്കുന്നതിനുള്ള സമയം ആസന്നമായി. ആകുർബാനയുടെ സമയത്തല്ലാതെ ഞാൻ അതിനുമുമ്പു ഒരിക്കലും അത്ര ശാന്തനായിരുന്നിട്ടില്ല. അസ്ഥിതിയിൽതന്നെ എനിക്കു പിരിഞ്ഞുപോകയും വേണമെന്ന് ഞാനാഗ്രഹിച്ചു; അതുപോലെ സാധിക്കയും ചെയ്തു. അവർണ്ണനീയമായ ഒരു ഭംഗിയോടുകൂടി അദ്ദേഹം എന്റെ അടുക്കലേക്ക് തിരിഞ്ഞു്, അദ്ദേഹത്തിന്റെ കരങ്ങളെ എന്റെ ഉടുപ്പിന്റെ കൈകളിൽവച്ചു് സാധാരണ രീതിയിൽ, മന്ദസ്മേരത്തിൽ ചിരിച്ചുകൊണ്ട് “നിങ്ങൾ എനിക്കായി പ്രാർത്ഥിക്കുക; ഞാൻ നിങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാം; ”എന്നുപറഞ്ഞു. തദവസരത്തിൽ അദ്ദേഹത്തിന്റെ സ്പർശനശക്തിയാലെന്നപോലെ ഞാൻ വലുതായി ഒരു നെടുവീർപ്പിട്ടപ്പോൾ എന്റെ കരങ്ങൾ അദ്ദേഹത്തിന്റെ അടുക്കലേക്ക് ഞാനറിയാതെതന്നെ പോയി. ഇവയെല്ലാം ഒരു നിമിഷത്തിൽ അവിചാരിതമായി സംഭവിച്ചു. പയസച്ചൻ ചമയമുറിയിലെ മേശമേൽ കൈകൾ വിരിച്ചു കുമ്പിട്ടുകിടക്കുന്നതു കണ്ടിട്ട് അടുത്തനിമിഷം ഞാൻ ആനന്ദപരവശനായി പള്ളിയിൽകൂടികടന്നുപോയി യാത്ര പുറപ്പെട്ടു.

ഈ സംഗതി ഇത്രയുംകൊണ്ടുഅവ

സാനിപ്പിക്കാമെങ്കിലും, അന്നുച്ചകഴിഞ്ഞുള്ള എന്റെ ആറു മണിക്കൂർ യാത്രക്കിടയിൽ ഞാൻ കണ്ടതായ പയസച്ചന്റെ അനേകസ്നേഹിതന്മാരിൽ ചിലരെ എങ്കിലും നിങ്ങൾക്കു പരിചയപ്പെടുത്തിയില്ലെങ്കിൽ ഈ വിവരണം പൂൎത്തിയാവുകയില്ലായിരിക്കാം. അവരിൽ, ഇവിടെ പ്രത്യേകം പ്രസ്താവിക്കുന്നതിനു അർഹതയുള്ളവർ രണ്ടുപേരാണ്. ഒരാൾ, സാക്ഷാത്തായ ഒരു ക്രിസ്തീയ ആത്മാവിനെ പ്രത്യക്ഷപ്പെടുത്തുന്ന നയനങ്ങളോടു കൂടിയ ഒരു സ്ത്രീയായിരുന്നു. ഞാൻ പയസച്ചനെ കണ്ട ശേഷം മടങ്ങുന്ന ഒരാളാണെന്ന് അറിഞ്ഞപ്പോൾ, അവൾ ഉച്ചത്തിൽ ഇപ്രകാരം പറഞ്ഞു. "ഓ അദ്ദേഹം സാക്ഷാൽ ഒരു പുണ്യവാൻ തന്നെ. കുമ്പസാരിക്കുന്നതിനായി ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നിരുന്നു. അപ്പോൾ, ഞാൻ പറയേണ്ടതായിരുന്ന സംഗതികൾ അദ്ദേഹം മുൻകൂട്ടി അറിഞ്ഞ് എന്നോടു തന്നെ പറയുകയാണുണ്ടായത്. ഇങ്ങനെയെല്ലാമായിരുന്നിട്ടും ചിലർ വിശ്വസിക്കുന്നില്ല." അടുത്തയാൾ ഒട്ടധികം യാത്രകൾ ചെയ്തിട്ടുള്ള ഒരാളാണ്. അയാൾ പല പ്രാവശ്യവും പയസച്ചനെ സന്ദർശിച്ചിട്ടുണ്ടായിരുന്നു. "ഇതു അവിശ്വാസികളായ ഡോക്ടർമാർകൂടെയും സമ്മതിച്ചിട്ടുള്ളതും ഏവർക്കും കാണാവുന്നതുമായ ഒരു പ്രത്യക്ഷസംഭവമായിരുന്നിട്ടും, സോഷ്യലിസ്റ്റ് കക്ഷികളും മററും ഇതു വിശ്വസിക്കുന്നില്ല." എന്നയാൾ പറഞ്ഞു.

റോമായിൽ മടങ്ങിയെത്തിയ ശേഷം ഞാൻ, ഈ സംഗതികൾ പ്രൊഫസറന്മാരോടും, സഹോദരന്മാരോടും, വിദ്യാൎത്ഥികളോടും, മററനേകം പേരോടും പറഞ്ഞു. സമയം കഴിയുന്തോറും എന്റെ വിശ്വാസവും സ്ഥിരപ്പെടുന്നു. ഞാൻ തിരുസഭയുടെ നാമത്തിലല്ല പറയുന്നതെന്നു നിങ്ങൾക്കറിയാമല്ലോ. എന്നാൽ സ്വാഭാവികമല്ലാത്ത ഈ നന്മകളെപ്പററിയുള്ള സഭയുടെ അവസാന തീൎച്ചയേ ഞാൻ പ്രതീക്ഷിച്ചിരിക്കയാണ്. ഞാൻ, പയസച്ചനിൽ അത്യുന്നതമായ പുണ്യവും, ആ പുണ്യത്തിൽ, തന്നിൽ സ്ഥിതിചെയ്യുന്നതായ അമാനുഷിക ദാനങ്ങൾ കളങ്കരഹിതമാണെന്നുള്ള ഉറപ്പും കാണുന്നുവെന്നു പറയുമ്പോൾ ഞാൻ സ്വാഭിപ്രായംമാത്രമേ പുറപ്പെടുവിക്കുന്നുള്ളു.

ഇതുവരെയും പയസച്ചന്റെ ശരിയായ ഒരു പടം കിട്ടുന്നതിന് എനിക്കു സാധിച്ചില്ല. ശ്രേഷ്ഠൻ ഞങ്ങളുടെ അഭിപ്രായംകാൎയ്യമായി വിചാരിച്ചെങ്കിലും, പടത്തിന്റെ കാൎയ്യത്തിൽ സമ്മതിച്ചില്ല. സ്വൎഗ്ഗീയ മനോഹരതയോടു കൂടിയ പയസച്ചന്റെ പടം റോമിലുള്ള ഒരാളുടെ വശം ഉണ്ട്. പ്രസ്തുത പടത്തിന്റെ പ്രതികൾ എടുക്കുന്നതിന് എന്നെ അനുവദിക്കണമെന്നു ഞാൻ അയാളോടു വളരെ താഴ്മയായി ആവശ്യപ്പെട്ടു. അയാൾക്ക് അതു വളരെ സമ്മതമായിരുന്നെങ്കിലും, ഒരു വാഗ്ദാനംമൂലം അങ്ങിനെ അനുമതി നൽകാതിരിക്കുന്നതിന് അയാൾ കടപ്പെട്ടിരുന്നു. ആ കുടുംബാംഗങ്ങൾ മാത്രമേ ഈ പടത്തെപ്പററി അറിയാവൂ എന്നതിനെ അതിലംഘിച്ച് അതു എന്നെ കാണിച്ചാൽ തന്റെ മനസ്സാക്ഷിയെ വളയ്ക്കേണ്ടതായി വന്നു എന്നു അയാൾ പറഞ്ഞു. ആ പടത്തെപ്പററിത്തന്നെ രസകരമായ ഒരു കഥയുണ്ട്.

ചുരുക്കത്തിൽ, ഈ സ്വൎഗ്ഗീയ മനോഹരത തിളങ്ങുന്ന പടത്തിന്റെ ഉടമസ്ഥൻ ഒരിക്കൽ കത്തോലിക്കാ അത്രപി ലേശമില്ലാതിരുന്ന ഒരു ഡോക്ടറായിരുന്നു. ഇപ്പോൾ പയസച്ചൻ വഴിയായി അയാൾ ഒരുപൂൎണ്ണമാനസാന്തരം പ്രാപിച്ചിരിക്കയാണ്. വടക്കേഇററലിയിലുള്ള മിണ്ടാമാൎഗ്ഗക്കാരുടെ ഒരു നായകനായിരുന്ന അയാളുടെ സോദരപുത്രനിലും പെട്ടന്നു, പൂൎത്തിയായ ഒരു മതപരിവൎത്തനം ഉണ്ടായി. റോമായിലുള്ള മിണ്ടാമാൎഗ്ഗക്കാരുടെ കൂട്ടത്തിൽ ഒരു വലിയസ്ഥാനത്തിലിരുന്ന അയാളുടെ ഒരു സ്നേഹിതനും ഇപ്രകാരം മതംമാറുകയുണ്ടായി. കഴിഞ്ഞ ക്രിസ്തുമസ്സിന് ഇവർ മൂവരും കൂടി കാപ്പിറേറാളിൻ മലയിലുള്ള "ആറാചേലി" എന്ന പള്ളിയിൽ പ്രാൻസിസ്കൻ മൂന്നാം സഭക്കാരുടെ നീളമുള്ള ചാക്കു കുപ്പായങ്ങളും ധരിച്ച് ഉണ്ണിഈശോയുടെ പ്രദക്ഷിണത്തിനു, രൂപക്കൂട്ടം വഹിച്ചുകൊണ്ടു നടന്നിരുന്നു. പിശാചു പരിശ്രമിക്കുന്നെങ്കിൽ നിശ്ചയമായും പയസച്ചനു

പ്രതികൂലകക്ഷികൾ റോമയിലുണ്ടാകും. മുമ്പ്, റോമായിലുള്ള മിണ്ടാവേദക്കാരുടെ കൂട്ടത്തിൽ ഉയൎന്ന സ്ഥാനങ്ങളിലിരുന്ന ഇവർ പയസച്ചനുമായുണ്ടായ ഒരു ചുരുങ്ങിയ സംഭാഷണത്തിന്റെ ഫലമായി എത്രയും എരിവുള്ള ഉത്തമകത്തോലിക്കരായി പകൎന്നു ഇവിടെ റോമയിൽ ഞാൻ കാണുമ്പോൾ അവരുടെ ഫലങ്ങൾ വഴിയായി നിങ്ങൾ അവരെ അറിയും" എന്ന നമ്മുടെ കൎത്താവിന്റെ വാക്കുകളാൽ ഇതിനെ അവസാനിപ്പിക്കുവാൻ ഞാൻ നിർബന്ധിക്കപ്പെടുന്നു.

വി. എക്സ്. ചെറിയാൻ.

## മലങ്കര സഭയും മാർപ്പാപ്പാമാരും.

II.

"1122-ൽ മലംകരസഭാ ഭരണം കയ്യേററ ശേഷം റോമ്മയിൽച്ചെന്നു രണ്ടാംകല്ലിസ്റ്റോസ് മാർപ്പാപ്പായിൽനിന്നു പല്ലിയം വാങ്ങിയ മാർയോഹന്നാൻ മെനേസീസിന്റെ സൈന്യബലംകൊണ്ടു പോയതാണോ?" എന്നുള്ള കർമ്മെലകുസുമത്തിന്റെ രണ്ടാമത്തെ ചോദ്യത്തിനു 'കതോലിക്ക്സഭ' പറയുന്ന മറുപടി ഇപ്രകാരമാണു: "ഇതു വാസ്തവമാണോ എന്നു പരിശോധിപ്പാൻ ആവശ്യമുള്ള രേഖകളെല്ലാം ഇവിടെ കിട്ടിയിട്ടില്ല, അങ്ങിനെയുണ്ടായിട്ടുണ്ടെങ്കിൽ അദ്ദേഹം പേഷ്യയിൽനിന്നൊ മററൊ മലംകരക്കു വരുന്നവഴി ലത്തീൻ മിഷ്യനറിമാർമൂലം കുരിശു യുദ്ധവീരന്മാരോ മററൊ പിടിച്ചുകൊണ്ടുപോയി ബലംകൊണ്ടു പാല്ലിയം വാങ്ങിപ്പിച്ചതായിരിക്കും. ലത്തീൻ മിഷ്യനറിമാരുടെ ആകാംക്ഷത്തെ സുവിശേഷവേല അങ്ങിനെയായിരുന്നെന്നു സ്പഷ്ടമാണു. മെനേസീസല്ല അങ്ങനെ ചെയ്തതെന്നുള്ളതു വാസ്തവമാണ്. മെനേസീസിന്റെ മനസ്ഥിതിയുള്ള വേറേ മെനേസീസന്മാരായിരിക്കും അങ്ങനെ ചെയ്തതു്. ശീമയിൽനിന്നു വന്ന ഒരു മെത്രാൻ ഏതെങ്കിലും പ്രേരണയാൽ അങ്ങിനെ ചെയ്തുകൊണ്ടു മലങ്കരസുറിയാനിക്കാർ റോമ്മാ സഭക്കാരാകുന്നതെങ്ങിനെ? ആ കാലത്തു മലങ്കരയുള്ള സുറിയാനിക്കാരും സുറിയായിലും ബാബേലിലുമുള്ള സഭകളും റോമാസഭയല്ലായിരുന്നുവെന്നു സ്പഷ്ടമാണ്."

എത്ര ബലമായ ന്യായങ്ങളോടുകൂടിയ ഒരു മറുപടിയാണിതെന്നു പ്രത്യേകം എടുത്തു പറഞ്ഞേ തീരുവെന്നു തോന്നുന്നില്ല. ലെകാനിൻ, റോളിൻ, കല്ലിസ്റ്റോസ് പാപ്പായുടെ നടപടികൾ, അൽബേറിക്കസിന്റെ നാളാഗമം ഇത്യാദി ചരിത്രരേഖകൾസഹിതം എടുത്തു കാണിച്ച ഒരു സംഭവത്തെക്കുറിച്ചു ഈ വിധമൊരു വിധി പ്രസ്താവിക്കുന്നതിനു മടിക്കാത്ത നമ്മുടെ പത്രാധിപക്കമ്മട്ടിയോടു ഇനി സമാധാനം പറയേണ്ട ആവശ്യമുണ്ടോ എന്നുതന്നേ ഞങ്ങൾ സംശയിക്കുന്നു. എങ്കിലും അല്പംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ.

1. ഒന്നാമതായി നോക്കാനുള്ളതു് മാർ യോഹന്നാനേ സംബന്ധിച്ച ഈ സംഭവം നടന്നിട്ടുള്ളതാണോ എന്നാകുന്നു. മേൽപ്രസ്താവിച്ച ചരിത്രകാരന്മാരുടെ രേഖകൾ അസ്ഥിരപ്പെടുത്താത്തകാലത്തോളം ഈ സംഭവത്തെ നിഷേധിപ്പാൻ ആരും തുനിയുമെന്നു തോന്നുന്നില്ല.

2. രണ്ടാമതായി, ഇതു ബലം പ്രയോഗിച്ചു വല്ലവരും ചെയ്യിച്ചതാണോ? ചരിത്രകാരന്മാർ ഇതേപ്പററി യാതൊന്നും പറഞ്ഞുകാണുന്നില്ല. കാതോലിക്ക് സഭാമാസികയുടെ 196-ാംപക്ഷത്തിൽ ഇങ്ങനെ പ്രസ്താവിച്ചു കാണുന്നുണ്ടെന്നുള്ള തെളിവല്ലാതെ വല്ല ചരിത്രലക്ഷ്യങ്ങളും ഇതേപ്പററി കാണിച്ചുതന്നാൽ കൊള്ളാമെന്നപേക്ഷയുണ്ടു്.

3. ഈ സംഭവംകൊണ്ടു മലങ്കരസഭയുടെ അന്നത്തെ വിശ്വാസം സംബന്ധിച്ചു വല്ല അറിവും നമുക്കു സിദ്ധിപ്പാൻ പാടുണ്ടോ? എന്നാണ് ഇനി ആലോചിപ്പാനുള്ളതു്. 'ശീമയിൽനിന്നുവന്ന ഒരു മെത്രാൻ ഏതെങ്കിലും പ്രേരണയാൽ അങ്ങിനെ ചെയ്തുകൊണ്ടു മലങ്കരസുറിയാനിക്കാർ റോമ്മാസഭക്കാരാ

കുന്നതെങ്ങിനെ? എന്നാണ് 'കാത്തോലിക്ക്സഭ' ഇതിനു സമാധാനമായി ചോദിക്കുന്നു. ഇഡ്ഢ്യാക്കാരുടെ മെത്രാനെന്നു റോളിനും, ലെകചിനും അഭിസംബോധനം ചെയ്കയും, ഇൻഡ്ഢ്യയിലെ ജനങ്ങളെ ഭരിച്ച കാലത്തിനിടയ്ക്കു തോമ്മാ ശ്ലീഹായുടെ തിരുശരീരത്തെക്കുറിച്ചും മററും തനിക്കു ലഭ്യമായ അറിവുകളെ മാർപ്പാപ്പായുടെമുമ്പാകെ അറിയിക്കയും ചെയ്ത ഒരു മെത്രാൻ ഭാരതീയക്രിസ്ത്യാനികൾക്കു കേവലം ഒരു അന്യനായി പരിഗണിക്കപ്പെടാവുന്നതല്ല. അവരുടെ മേഷപാലകൻ തന്നെ ആയിരിക്കാനേ നിവൃത്തിയുള്ളൂ. ഇടയന്റെ വിശ്വാസത്തിൽനിന്നു വിഭിന്നരായ ആളുകൾ അദ്ദേഹത്തിന്റേതു എന്നു നാമകരണം ചെയ്യപ്പെടാവുന്നതല്ലല്ലൊ. റോമ്മാ മാർപ്പാപ്പായെ അനുസരിച്ചുവന്ന മെത്രാന്റെ അനുയായികൾ റോമൻ കത്തോലിക്കരല്ലാതെവരിക സ്വഭാവവിരുദ്ധമാണെന്നു പറയണം.

# മനസ്സുതിരിവും മനസ്സിലെ ധാരണയും.

ഗിൽബെട്ടുകെത്ത് ചെസ്ററർട്ടന്റെ മാനസാന്തരം ഇംഗ്ലീഷു പ്രോട്ടസ്റ്റാണ്ടുകാരുടെ ഇടയിൽ ഒരു ക്ഷോഭം ഉളവാക്കിയിരിക്കുന്നു. ഇദ്ദേഹത്തന്റെ റോമ്മാസഭാപ്രവേശത്തിൽ ആംഗ്ലിക്കൻ സഭക്കു ഗണനീയമായ നഷ്ടം നേരിട്ടിരിക്കുന്നു എന്നുംകൂടി ചില ആംഗ്ലിക്കൻവൈദികർ പ്രലപിക്കാതിരുന്നില്ല. ചി. പൌലോസിനെകുതിരപ്പുറത്തുനിന്നു തള്ളിയിട്ട അദൈവേഷ്ടപ്രസാദത്തിന്റെ ഒരുപ്രവൃത്തിയാണു ചെസ്റ്റർട്ടന്റെകാര്യത്തിലുംനാംകാണുന്നതു. മനസാക്ഷിയുടെ തോന്നലുകളെ സാഹചര്യങ്ങളെ വകവയ്ക്കാതെ പിഞ്ചെല്ലുന്നതിനൊരുദാഹരണവുംകൂടി ഉണ്ടായിരിക്കുന്നു. പണ്ഡിതന്മാരായ പലേ ആളുകൾ കത്തോലിക്കാസഭഒന്നുമാത്രമേ ചരിത്രാന്വേഷണത്തിനുമുമ്പാകെ തകർന്നുപോകാതെ നില്ക്കയുള്ളു എന്നും, അതിന്റെ ഭരണസംഘടനം അതീവ വിസ്മയാവഹമായിരിക്കുന്നു എന്നും മററും പറഞ്ഞു സഭയെ പുകഴ്ത്താറുണ്ടു; എന്നിട്ടും ഇവർ കത്തോലിക്കാ സഭയിൽ ചേരുന്നില്ലെങ്കിൽ നാം അത്ര അത്ഭുതപ്പെടേണ്ടാ.

കുറേകൊല്ലങ്ങൾക്കുമുമ്പു സുപ്രസിദ്ധ പ്രോട്ടസ്റ്റാന്റ് ചരിത്രകാരനായ 'കോബെററ' തന്റെ ഒരു യാത്രാമദ്ധ്യേ 'സ്കിവഫൻ' എന്ന കത്തോലിക്കപള്ളിയിൽ ഒരു ദിവസം വൈകുന്നേരം വന്നുചേരുകയും, ആ രാത്രി അവിടത്തെ വികാരിയായിരുന്ന വന്ദ്യ വയോധികൻ ഫാദർ 'ഹോൾഡൻ' അവർകൾ ഒരുമിച്ചു കഴിച്ചുകൂട്ടുകയും ചെയ്തു. സംസാരമദ്ധ്യേ ഫാദർ ഹോൾഡൻ ഇങ്ങനെ പറഞ്ഞു. 'മിസ്റ്റർ കോബെററ, നിങ്ങളെസംബന്ധിച്ച ഒരു സംഗതി എനിക്കുമനസ്സിലാകാനുണ്ടു ഇതു മറെറാന്നുമല്ല, എങ്ങിനെ ഒരു മനുഷ്യനു നിങ്ങളുടെ 'History of reformation' പോലെ ഒരു പുസ്തകം എഴുതിയശേഷം കത്തോലിക്കാ സഭയിൽ ചേരാതിരിക്കാൻ കഴിയും?'

ഉടനെ കോബെററ് 'അല്ലയോ അച്ച! എനിക്കും അവിടത്തെക്കുറിച്ചു ഒരു കാര്യം മനസ്സിലാകുന്നില്ല'. അതെന്താണു എന്നു ഫാദർ ഹോൾഡൻ ഉടനെ ചോദിച്ചു. 'അതു ഇതാണു, അച്ചനെപ്പോലെ ലോകപരിചയവും വേദാന്തജ്ഞാനവും ഉള്ള ഒരാൾക്കു എങ്ങിനെയാണു മനസ്സുതിരിവിനുംമനസ്സിലെധാരണയ്ക്കുംതമ്മൽ വ്യത്യാസമുണ്ടെന്നു ഗ്രഹിക്കാൻകഴിയാതെപോകുന്നതു?', ആരണ്ടുഇംഗ്ലീഷ വൃദ്ധന്മാരും ഉടനെ ചിരിച്ചുകൊണ്ടു കൈകൊട്ടുന്നു.

കോബെററിന്റെ വാക്കിൽ ഇഷ്ടപ്രസാദത്തെക്കുറിച്ചുള്ള ശാസ്ത്രം മുഴുവനും അടങ്ങിയിരിക്കുന്നു. ന്യായങ്ങളും യുക്തിവാദങ്ങളുംകൊണ്ടു മാത്രം മനസ്സുതിരിവു ഉണ്ടാകയില്ല. അവയൊക്കെ ഒരു വഴി തെളിക്കൽ മാത്രമത്രെ.

നമ്മുടെ ഈ കേരളത്തിലും കത്തോലിക്കാസഭയെക്കുറിച്ചു മതിപ്പും സ്നേഹവും ഉള്ള വലിയ ആളുകൾ ഉണ്ടു. കത്തോലിക്കാസഭയെ പരസ്യമായി സ്തുതിക്കുന്നതിനും ചിലർ മടിച്ചിട്ടില്ല. ചെസ്ററർട്ടന്റെ മാനസാന്തര വാർത്ത ഇപ്പോൾ അവരുടെ ചെവിയിലും എത്തിയിട്ടുണ്ടല്ലൊ. ഇപ്രകാരമുള്ള ആളുകൾക്കുവേണ്ടി നാം പ്രാർത്ഥിക്കതന്നെ.

(സത്യനാദം) ഫാദർ മാതപ്പൂതിയിടം.

# തിരുഹൃദയഭക്തന്മാർ ൧൯൨൨ മകരമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"പരിശുദ്ധരായ പട്ടക്കാരെ നൽകുന്നതിനു ദൈവത്തോടു പ്രാർത്ഥിക്കുക"

ദൈവശുശ്രൂഷിയായ പട്ടക്കാരനു ശാസ്ത്രപരിജ്ഞാനം ആവശ്യകമാണെന്നുള്ളതിനു രണ്ടു പക്ഷമില്ല; എന്നാൽ അതിനേക്കാൾ ഒഴിച്ചുകൂടാത്തതായിട്ടുള്ള വേറൊരു കാര്യമുണ്ട്. അതു ജീവിത പരിശുദ്ധതയാണ്. ശാസ്ത്രജ്ഞനായ ഒരു വൈദികൻെറ ന്യായയുക്തികൾ അന്യർക്കു സമ്മതമായെന്നു വരാം. എന്നാൽ അദ്ദേഹത്തിൻെറ പരിശുദ്ധത കൊണ്ടല്ലാതെ അവരുടെ മാനസാന്തരം നിവൃത്തിക്കപ്പെടുന്നതല്ല. മാതൃകായോഗ്യമായ ജീവിതം പ്രാസംഗികൻെറ വാക്കുകളെ സ്ഥിരീകരിക്കാത്ത പക്ഷം അതിൽനിന്നു ഉദ്ദിഷ്ടഫലം സിദ്ധിപ്പാൻ അസാദ്ധ്യമെന്നുതന്നേ പറയണം. മാനുഷരുടേയും മാലാഖാമാരുടേയും ഭാഷകളിലെല്ലാം ഞാൻ സംസാരിച്ചാലും എന്നിൽ ഉപവിയില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പുപോലെയും സ്വരം കേൾപ്പിക്കുന്ന ചെങ്ങല പോലെയും മാത്രം ആയിരിക്കുമെന്നു വിശുദ്ധ പൌലോസു അരുളിച്ചെയ്യുന്നതു അത്യന്തം സ്മരണീയമായിരിക്കുന്നു. നിങ്ങൾ ലോകത്തിൻെറ ഉപ്പാകുന്നു; അതിൻെറ ഉറ കെട്ടുപോയാൽ അതു എന്തിനു കൊള്ളാം എന്നുള്ള ദിവ്യരക്ഷകൻെറ തിരുവചനങ്ങളും ഈ സംഗതിയേത്തന്നെ ദൃഢീകരിക്കുന്നവയാണ്.



ആർസിലെ വികാരി എന്ന പേരാൽ സുപ്രസിദ്ധനായിത്തീർന്നിട്ടുള്ള എം. വിയാന്നി എന്ന പുണ്യദേഹം ഈ വിഷയത്തിൽ വൈദികഗണത്തിനു ഒരുത്തമ മാതൃകയായിത്തീർന്നിട്ടുണ്ട്. അദ്ദേഹം ഗണനീയനായ ഒരു ശാസ്ത്രജ്ഞനല്ലായിരുന്നു; എങ്കിലും അദ്ദേഹത്തിൻെറ സ്വയപരിത്യാഗവും, തപസ്സും, വിനയവും, അദ്ധ്വാനശീലവും, ആത്മരക്ഷാതല്പരതയും ഹേതുവായിട്ടു അക്കാലത്തിലെ സുപ്രസിദ്ധന്മാരായ ശാസ്ത്രജ്ഞന്മാർപോലും ആ ദേഹത്തിൻെറ വേദജ്ഞാനോപദേശങ്ങളെ കേൾക്കുന്നതിനായി ഓടിക്കൂടിയിരുന്നു. ഒരു ലക്ഷത്തിലധികം പുണ്യയാത്രക്കാരെ പ്രതിവർഷം അദ്ദേഹം സ്വീകരിക്കേണ്ടതായി വന്നു. ദിവസം പ്രതി പതിനേഴു മണിക്കൂറോളം അദ്ദേഹം കുമ്പസാരക്കൂട്ടിൽ ചെലവഴിച്ചിരുന്നു. അദ്ദേഹം വികാരിത്വ ജോലി ആരംഭിച്ച കാലത്തു ക്രിസ്തുമതേതരന്മാരാൽ നിറയപ്പെട്ടിരുന്ന തൻെറ ഇടവകയെ മാതൃകായോഗ്യമായ ഒരു കത്തോലിക്കാ സ്ഥാപനമായി അദ്ദേഹം രൂപാന്തരപ്പെടുത്തി. ൧൯൦൫-ൽ പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഫ്രാൻസിലെ വൈദികരുടെ മദ്ധ്യസ്ഥനായി ഇദ്ദേഹത്തെ പ്രഖ്യാപനം ചെയ്തിട്ടുണ്ട്.

ഇപ്രകാരം ജീവിത പരിശുദ്ധതയോടുകൂടിയ പട്ടക്കാരരെ നമുക്കു തരുന്നതിനായി തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാർത്ഥിക്കണമെന്നാണു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഉപദേശിച്ചിരിക്കുന്നതു്.

കുംഭമാസം— "പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസു മാർപ്പാപ്പാ"

# വർത്തമാനസംഗ്രഹം.

## കേരളം.

നി. വ. ദിവ്യശ്രീ കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു യൂറോപ്പുയാത്ര കഴിഞ്ഞ് നവംബർ ൨൩-ാംനു- കൊളമ്പിൽ എത്തുകയും, അവിടെ നിന്നു ത്രിശ്ശിനാപ്പള്ളിവഴിയ്ക്കു ഡിസംബർ ൯-നു- കോട്ടയത്തു മടങ്ങി എത്തുകയും ചെയ്യിരിക്കുന്നു. മിസ്സംവകയായി ആഘോഷപൂർവ്വമായ എതിരേൽപ്പും മംഗളപത്രസമർപ്പണവും ഉണ്ടായിരുന്നതുകൂടാതെ ഒരു മോട്ടോർവണ്ടി വാങ്ങിക്കുന്നതിനുള്ള പണസംഖ്യ അവിടത്തേയ്ക്കു സമ്മാനിക്കപ്പെടുകയുമുണ്ടായി.

* * *

മലബാർ കത്തോലിക്കു വിദ്യാർത്ഥിസംഘം പ്രസിഡണ്ടു് റവ. ഫാദർ ഒനോരേ എസ്. ജെ. അവർകൾ സംഘത്തിന്റെ ഊർജ്ജിതമായ നടപടികളെ ഉദ്ദേശിച്ചു ക്രിസ്തുമസ്സ് അവധിക്കു മലയാളത്തിൽ വരികയും, പാലാ, ചങ്ങനാശേരി, ആലപ്പുഴ, ആലുവാ, ഞാറയ്ക്കൽ, പറൂർമുതലായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം എറണാകുളത്തുവച്ചു നടന്ന നിർവാഹകസംഘത്തിൽ സംബന്ധിച്ചിട്ടു് ത്രിശ്ശിനാപ്പള്ളിക്കു മടങ്ങുകയും ചെയ്യിരിക്കുന്നു. കേരളീയർക്കുവേണ്ടി ഈ മഹാനുഭാവൻ സഹിക്കുന്ന ബുദ്ധിമുട്ടുകൾ സർവ്വദാ അനുസ്മരണീയംതന്നേ.

* * *

തിരുവിതാംകൂർ നിയമനിർമ്മാണസഭാസാമാജികനായ മിസ്റ്റർ ഹ്യൂഗ് വേർഫിന്റെ മാനേജ്മെന്റിലും മിസ്റ്റർ മുത്തുനായകംപിള്ള ആദിയായ മഹാന്മാരുടെ സഹകരണത്തിലും 'സ്റ്റാൻഡാർഡ്'' എന്ന പേരോടുകൂടി ഒരു കത്തോലിക്കാ ഇംഗ്ലീഷ് പ്രതിവാരപ്പത്രിക താമസിയാതെ തിരുവനന്തപുരത്തുനിന്നു പുറപ്പെടുമെന്നു് ഇവിടെ കിട്ടിയ ഒരു വിജ്ഞാപനംകൊണ്ടറിയുന്നു. വരിസംഖ്യ കൊല്ലത്തിൽ ൬ ക. മാത്രമായിരിക്കും.

* * *

ആസ്ത്രിയൻ ക്ഷാമഫണ്ടിലേക്കുള്ള നസ്രാണിദീപികയിലെ പണപ്പിരിവ് ആയിരത്തി എണ്ണൂറുരൂപാ കഴിഞ്ഞിരിക്കുന്നു. ദെലഗാദപ്പസ്തോലിക്കാ വഴി റോമ്മയിലേക്കു അയച്ചുകൊടുത്ത പണം അവിടെ കിട്ടിയയുടനേ കേരളീയരുടെ ഔദാര്യത്തെ അഭിനന്ദിച്ചും ദാനക്കാരെ ആശീർവ്വദിച്ചും പരിശുദ്ധ പിതാവിന്റെ പേക്ക് സ്റ്റെയിറ്റു സെക്രട്ടറി മഹോന്നത ദിവ്യശ്രീ കാർഡിനൽ ഗസ്പാറി അവർകൾ ദീപികാ മാനേജർക്കു ഒരു ലിഖിതം അയച്ചിട്ടുള്ളതായി അറിയുന്നു.

## ഇൻഡ്യാ.

ഡിസംബർ ൩-ാം തിയതി മുതൽ വി. ശൌര്യാർ പുണ്യവാന്റെ തിരുശരീരപ്രദർശനം ഗോവയിൽ നടന്നുവരുന്നു. ജനുവരി ൬-ാംനു- വരെ ദീർഘിക്കുന്നതാണു്. നി. വ. ദിവ്യശ്രീ തൃശ്ശൂർ വികാരി അപ്പസ്തോലിക്കാ മാർ പ്രംസീസ്സ് വാസു മെത്രാനച്ചൻ ആദിയായി കേരളത്തിൽ നിന്നും ഒട്ടേറെ തീർത്ഥയാത്രക്കാർ പോകയുണ്ടായി. പോർട്ടുഗീസു ഗവർമ്മെണ്ടു ഈ അവസരത്തിൽ യാത്രക്കാരിൽനിന്നു ഈടാക്കിയ അനാശാസ്യമായ നികുതിയും, പോർട്ടുഗീസു ഭടന്മാരുടെ അഴിമതിയും ഈ പൂജ്യമായ അവസരത്തിനു ഒരു കളങ്കമായി കാണപ്പെട്ടെന്നാണു യാത്രക്കാരിൽ പലരും പറയുന്നതു്.

* * *

സ്ഥാനസന്ദർശനാർത്ഥം റോമ്മയിലേക്കു പോയിരുന്ന മൈലാപ്പൂർ മെത്രാനച്ചനവർകൾ പോർട്ടുഗീസു മിസ്സങ്ങളുടെ മേലാവായി ലിസ്ബനിൽ താമസിക്കുന്നതിന്നു പരിശുദ്ധ പിതാവു ആജ്ഞാപിച്ചിരിക്കുന്നതിനാൽ അദ്ദേഹം ഇനി തിരികെ വരുന്നതല്ലെന്നു കാണുന്നു.

* * *

പുതുതായി നടപ്പിൽവരുത്താൻ നിശ്ചയിച്ചിരിക്കുന്ന യൂനിവേർസിററി ബില്ലിനെതിരായി അവസാനഘട്ടംവരേ യുദ്ധം ചെയ്യുന്നതാണെന്നു് സെൻറു ജോസഫ്സ് കോളജ് പ്രിൻസിപ്പാൾ റവ.

ഫാദർ ബർട്രാം അവർകൾ ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിച്ചിരിക്കുന്നു. മദ്രാസിനു പുറമെയുള്ള കോളജ്ജുകളുടെയെല്ലാം തകർത്താഴ്ത്തുന്നതിനാണ് പുതിയ ബില്ലിന്റെ ഉദ്ദേശം.

## ഇററലി.

പതിനഞ്ചാം ബനഡിക്തൊസു മാർപ്പാപ്പായുടെ ലോക സമാധാന പരിശ്രമത്തിന്റെ സ്മാരകമായി റോമയിൽ പണിയാൻ തീർച്ചയാക്കിയിരിക്കുന്ന ദേവാലയത്തിനു ൩൦൦-ലക്ഷം ലീരയാണ് അടങ്കൽ നിശ്ചയിച്ചിരിക്കുന്നത്. സിഞ്ഞോർ ആർമാൻഡ് ബ്രാസ്മി എന്ന ഒരു യുവശില്പിയെ ആണു ഈ പണിക്കു പ്രമതലപ്പെടുത്തിയിരിക്കുന്നതെന്നറിയുന്നു.

* * *

ഒടുവിൽ എടുത്തിട്ടുള്ള കണക്കനുസരിച്ചു ഇപ്പോൾ ലോകത്തിൽ കത്തോലിക്കരുടെ സംഖ്യ മുപ്പത്തൊന്നു കോടിയിൽ പരമാണ്. ൫൨൧ ഏതദ്ദേശ്യ വൈദികരും, ൯൩൩ വിദേശ വൈദികരും, ൫൨൦ തുണസഹോദരന്മാരും, ൨൧൩൨ കന്യാസ്ത്രീകളും ൨൧൫൨ ഉപദേശികളും വേദപ്രചാരവേലയിൽ ഏർപ്പെട്ടിട്ടുണ്ട്.

## ഫ്രാൻസ്.

യുദ്ധം നിമിത്തമുണ്ടായിട്ടുള്ള പട്ടക്കാരുടെ ദൌർലഭ്യം ഹേതുവായിട്ടു, സന്യാസ സഭകളും ഇടവക ഭരണത്തിൽ തന്നെ സഹായിക്കണമെന്നു കാണിച്ചു പാരീസു മെത്രാപ്പോലീത്താ ഒരു അപേക്ഷാലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. * * *

൧൯൦൧-ലെ ഒരു നിയമ പ്രകാരം ഫ്രാൻസിൽ പുതിയ സന്യാസ ഭവനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഗവമ്മെന്റനുമതി പ്രായേണ നൽകപ്പെട്ടിരുന്നില്ല— എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾകൊണ്ടുള്ള പ്രയോജനം ഫ്രഞ്ചു ഗവമ്മെന്റു കുറേനാളായിട്ടു മനസ്സിലാക്കി തുടങ്ങിയിട്ടുണ്ടെന്നു കാണുന്നു. ലയോൺസു് നഗരത്തിൽ മൂന്നും, ബോർഡോയിൽ ഒന്നും ഇങ്ങനെ നാലു പുതിയ ആശ്രമങ്ങൾ തുടങ്ങുന്നതിനു ഈയിട അനുമതി സിദ്ധിച്ചിരിക്കുന്നതായിക്കാണുന്നു.

## റഷ്യാ.

൧൯൧൭-ൽ ബൊൾഷേവിക്ക ഭരണം ആരംഭിച്ചതിൽപ്പിന്നെ പതിനേഴു ലക്ഷത്തോളം ആളുകൾ റഷ്യയിൽ വധിക്കപ്പെട്ടിട്ടുണ്ടെന്നു കാണുന്നു. ഇക്കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയിൽത്തന്നെ ൨൮ മെത്രാന്മാരും ൧൨൧൫ പട്ടക്കാരും ഈ സംഹാര ഭൂതന്മാരുടെ വാളിനാഹാരമായിത്തീർന്നിട്ടുണ്ട്.

* * *

ഭയങ്കരമായ ക്ഷാമവും ബോൾഷേവിക്കുകാരുടെ ആക്രമണവും ഇങ്ങനെ രണ്ടു വസന്തയാണ് മദ്ധ്യ യൂറോപ്പിലെ രാജ്യങ്ങളെ ഇപ്പോൾ ബാധിച്ചിരിക്കുന്നത്. 'കത്തോലിക്കാ വിശ്വാസവും അമ്മേരിക്കായുടെ ധനസഹായവും ഈ രാജ്യങ്ങളെ രക്ഷിക്കുന്നു' എന്നു ടൊറോന്റോയിലെ 'കത്തോലിക്കു രജിസ്റ്റർ' എന്ന പത്രത്തിലേക്കു അവിടെനിന്നു ഒരാൾ എഴുതിയിരിക്കുന്നു.

## ജർമ്മനി.

ബവേറിയായിൽ ഓബർ അമ്മെർഗോയിലെ കഷ്ടാനുഭവാഭിനയത്തിനു ഇക്കൊല്ലത്തെപ്പോലെ മുമ്പൊരിക്കലും ആൾക്കൂട്ടം ഉണ്ടായിട്ടില്ലെന്നറിയുന്നു. നാനാദേശങ്ങളിൽ നിന്നുമായി രണ്ടുലക്ഷത്തിരുപതിനായിരത്തിൽപരം ആളുകൾ സന്നിഹിതരായിരുന്നു. ഇതിൽ ഇരുപതിനായിരത്തോളം അമ്മേരിക്കരായിരുന്നത്രെ. ഒരുകോടി അമ്പതു ലക്ഷം മാർക്കു ഇദ്ദ്വാണ്ടു പിരിവുണ്ടായിരുന്നു.

* * *

കഷ്ടാനുഭവം കളിയേക്കുറിച്ചു പരിശുദ്ധ പിതാവിനു അത്ര തൃപ്തിയില്ലാത്ത വിധത്തിൽ സംസാരിച്ചതായി കേട്ട ശ്രുതി അടിസ്ഥാനരഹിതമാണെന്നു പത്രങ്ങളിൽ കാണുന്നു.

## അമേരിക്കാ.

ഇക്കഴിഞ്ഞ നൂററിരുപതു വഷത്തിനിടയ്ക്കു അമേരിക്കൻ ഐക്യനാടുകളിലെ ജനസംഖ്യ ഇരുപത്തിനാലിരട്ടി വദ്ധിച്ചിട്ടുണ്ട്. കത്തോലിക്കരുടെ തുക ഇതിനകംകൊണ്ടു അവിടെ അറുനൂറിരട്ടിയായി വദ്ധിച്ചിട്ടുണ്ടെന്നു കാണുന്നു. ആറിനു ഒന്നുവീതം ഇപ്പോൾ അവിടെ കത്തോലിക്കരാണുള്ളത്.

## കർമ്മലകുസുമം പഴയ ലക്കങ്ങൾ.

കർമ്മലകുസുമം കഴിഞ്ഞ ലക്കത്തോടുകൂടെ ഇരുപതാംപുസ്തകം പൂർത്തിയായിരിക്കുന്നു. ഈ പുസ്തകങ്ങളെല്ലാം ബയിന്റു ചെയ്തു സൂക്ഷിച്ചിട്ടുള്ളവർക്ക് ഇതു എത്ര വലിയൊരു ശാസ്ത്രഭണ്ഡാരമായിരിക്കുമെന്നു കഴിഞ്ഞതവണ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'കുസുമദീപിക'കൊണ്ടു ഏവർക്കും മനസ്സിലാകുന്നതാണ്. ഇവിടെ വില്പാനുള്ളിടത്തോളം പഴയ ലക്കങ്ങളുടെ ഇനവിവരം താഴെകാണിച്ചിരിക്കുന്നു. മുഴുവൻകിട്ടാത്തപക്ഷം കിട്ടുന്നെടത്തോളമെങ്കിലും വാങ്ങിച്ചു കുത്തിച്ചുവയ്ക്കുന്നതു നന്നായിരിക്കും. പിന്നീടു വിചാരിച്ചാൽ ഇതും കിട്ടാതെ വരുമെന്നു പറയേണ്ടതില്ലല്ലോ._ ഒരു ലക്കത്തിനു വില 1 അണ. 50-നു 2½ രൂപാ. നൂറുക്കു 4 രൂപാ. ഇവിടെയില്ലാത്ത ലക്കങ്ങൾ അയച്ചുതന്നാൽ ഈ വിലയ്ക്കു ഇവിടെ എടുത്തുകൊള്ളുന്നതുമാണ്.

## ഇനവിവരപ്പട്ടിക.

☞ 0 ഈ അടയാളമുള്ള ലക്കങ്ങൾ ഒഴികെ എല്ലാ ലക്കങ്ങളും ഏതാനും പ്രതികൾ വില്പാനുണ്ട്.

| പുസ്തകം. | ലക്കങ്ങൾ. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| I ... | ... | 0 | 0 | 0 | 0 | x | 0 | x | 0 | x | 0 | 0 | x |
| II ... | ... | x | x | 0 | x | x | x | x | x | x | x | x | 0 |
| III ... | ... | x | x | 0 | x | x | x | x | x | x | x | x | 0 |
| IV ... | ... | x | 0 | x | x | x | x | x | 0 | x | 0 | 0 | x |
| V ... | ... | 0 | 0 | x | x | x | x | x | x | x | x | x | x |
| VI ... | ... | x | x | x | x | x | x | x | x | x | 0 | x | x |
| VII ... | ... | 0 | x | x | 0 | 0 | 0 | 0 | 0 | x | x | x | x |
| VIII ... | ... | x | x | x | x | x | x | x | x | x | 0 | 0 | 0 |
| IX ... | ... | 0 | 0 | x | 0 | x | x | x | x | x | x | x | x |
| X ... | ... | 0 | 0 | 0 | x | x | x | x | 0 | 0 | x | x | x |
| XI ... | ... | 0 | x | x | x | x | x | x | x | x | x | x | 0 |
| XII ... | ... | x | x | x | x | x | 0 | x | 0 | 0 | x | x | x |
| XIII ... | ... | x | x | 0 | 0 | 0 | x | x | x | x | x | x | x |
| XIV ... | ... | x | x | x | x | x | x | x | x | x | x | x | x |
| XV ... | ... | x | x | x | x | x | x | x | x | x | x | x | x |
| XVI ... | ... | x | 0 | 0 | x | x | x | x | x | x | x | 0 | x |
| XVII ... | ... | x | 0 | 0 | 0 | x | x | x | x | x | x | x | 0 |
| XVIII ... | ... | x | x | x | x | 0 | x | x | x | x | x | 0 | 0 |
| XIX ... | ... | x | 0 | x | x | x | x | x | x | x | 0 | 0 | x |
| XX ... | ... | x | x | x | x | x | x | x | x | x | x | x | x |

---


## നസ്രാണിദീപികാ പഞ്ചാംഗം.

പരിശുദ്ധ പിതാവ് പതിനൊന്നാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെയും കേരളീയമെത്രാന്മാരുടെയും ഛായാപടങ്ങളോടുകൂടിയ പുതിയ പഞ്ചാംഗം തയ്യാറായിരിക്കുന്നു. വില 1¼ അണ മാത്രം.

മാനേജർ, നസ്രാണിദീപിക.

Registered No. M. 365. No: T. 54.


## പി. പാപ്പിക്കമ്പനി
## മാന്നാനം.

### റബേക്ക സാമാനങ്ങൾ

| ചൈനാപ്പട്ടു നീളം വളയം | Rs | as. | p. |
|---|---|---|---|
| ൧-ാം ചരട „ ൨൫ 1-ന് | 0 | 14 | 0 |
| ൨-ാം „ പിരിച്ചതു ൨൪ „ | 0 | 9 | 0 |
| ൩-ാം „ ൨ „ | 0 | 9 | 0 |
| ൪-ാം „ ൧ „ | 0 | 4 | 6 |
| ൧-ാം കമ്പി ൧ „ | 0 | 3 | 0 |
| ൨-ാം „ ൧ „ | 0 | 3 | 6 |
| ൩-ാം „ ൧ „ | 0 | 4 | 6 |
| ൪-ാം „ ൧ „ | 0 | 5 | 0 |
| ആക്കമുടി ൧-ാംതരം ൧ „ | 1 | 6 | 0 |
| ടി. ൨-ാംതരം ൧ „ | 1 | 0 | 0 |
| അപ്പൂസ് ൧-ാംതരം ൧ „ | 0 | 6 | 0 |
| ടി. ൨-ാംതരം ൧ „ | 0 | 4 | 6 |
| ടി. ൩-ാംതരം ൧ „ | 0 | 3 | 0 |
| [illegible] (Bridge) ൧ „ | 0 | 3 | 0 |
| ആണി (S rew) ൧ „ | 0 | 3 | 0 |
| പരന്തുവാൽ (Tail piece) | | | |
| ൧-ാംതരം ൧ „ | 0 | 12 | 0 |
| ടി. ൨-ാംതരം ൧ „ | 0 | 10 | 0 |
| ബൃക്കബെയറിംഗിനുള്ള | | | |
| തങ്കം ബൃക്ക ൧ „ | 2 | 4 | 0 |
| ടി. വെള്ളി ൧ „ | 0 | 8 | 0 |

### കേതികട്ടത്ത സാമാനങ്ങൾ

### അലൂമിനം കാശുരൂപങ്ങൾ

| | | | |
|---|---|---|---|
| No ൩. (മുട്ടരൂപം) ഡസൻ 1ക്ക | 0 | 1 | 9 |
| നമ്പ്ര 1 സെന്റ് ജോസഫ് „ „ | 0 | 2 | 3 |
| 1251 ഇത്താല്യൻ കാശു „ „ | 0 | 5 | 0 |
| 247 വി. അന്തോനി (വട്ടം) „ | 0 | 10 | 0 |
| 100 വി. തോമ്മാശ്ലീഹാ. „ „ | 0 | 10 | 0 |
| 101 ടി. [illegible] „ „ | 0 | 7 | 0 |
| 50 ടി. [illegible] „ | 0 | 14 | 0 |
| [illegible] „ | 0 | 14 | 0 |
| [illegible] ടി „ | 0 | 2 | 0 |
| 131 തിരുഹൃദയം. „ | 1 | 2 | 0 |
| 6434 „ „ | 1 | 2 | 0 |

### അലൂ വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | | |
|---|---|---|---|
| 298 മുട്ടരൂപം. „ | 0 | 5 | 0 |
| 324 കണ്ടവൃത്തം, „ | 0 | 5 | 0 |
| 231 നീണ്ടരൂപം „ | 0 | 7 | 0 |
| 337 വൃത്തം. „ | 0 | 7 | 0 |
| 338 വൃത്തം, ഡസൻ ൧ക്ക „ | 0 | 10 | 0 |
| 7030 ചതുര എറമ്മത്തു ചെറുത് „ | 0 | 10 | 0 |
| 325 കണ്ടവൃത്തം, „ | 0 | 10 | 0 |
| 343 കരിങ്ങുരൂപം, „ | 0 | 10 | 0 |
| 7023 ചതുര ഗോറത്തു. „ | 0 | 14 | 0 |
| 7031 ചതുര എറമ്മത്തു വലുത് „ | 1 | 0 | 0 |
| 399 നക്ഷത്രരൂപം „ | 1 | 2 | 0 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ട്. „ | 1 | 2 | 0 |

### പള്ളിക്കു കാശുരൂപങ്ങൾ.

| | | | |
|---|---|---|---|
| 0 0 തിരുഹൃ അമലോ. മുട്ടരൂപം „ | 2 | 4 | 0 |
| 0 „ „ „ „ | 3 | 0 | 0 |
| 1 ഈശോവശത്തും പടമുള്ള അന്തളിക്ക „ | 1 | 11 | 0 |

### പിച്ചളക്കരിശുകൾ.

| | | | |
|---|---|---|---|
| 34 1¼ ഇഞ്ച് നീളം ഡസൻ 1 „ | 0 | 10 | 0 |
| 35 1½ „ „ „ | 0 | 14 | 0 |
| 38 2 „ „ „ | 1 | 0 | 0 |
| 39 2¾ „ „ „ | 1 | 11 | 0 |
| 43 4 „ „ „ | 2 | 10 | 0 |
| 45 5 „ „ „ | 3 | 12 | 0 |
| 5100 ചെറിയവെള്ളിപൂച്ച് കരിശു | 0 | 2 | 3 |
| 5101 „ „ | 0 | 3 | 6 |

### പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1 വ്യാകുലപ്രബന്ധപ്പാട്ടുചരിത്രം ൧ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം. | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസന്ദേശ്യർക്ക് അമ്മാന | 0 | 8 | 0 |
| 7 ചൊദ്യാദിപാന | 0 | 3 | 6 |
| 8 പുത്തൻപാന | 0 | 4 | 6 |
| 9 ദേവമാതാവിൻ സ്തോത്രമാല | 0 | 2 | 3 |
| 10 സുറിയാനിപൂജസഹായം | 0 | 1 | 3 |
| 11 ലത്തീൻപൂജസഹായം | 0 | 1 | 6 |
| 12 ദേവാലയഗീതം | 0 | 10 | 0 |

### പടങ്ങൾ.

| | | | |
|---|---|---|---|
| 8×10 വലിപ്പം „ | 1 | 8 | 0 |
| 13×17 ടി. „ | 4 | 8 | 0 |
| 16×20 ടി. „ | 6 | 12 | 0 |
| പ്രയർബുക്ക സയിസുപടങ്ങൾ „ | 0 | 4 | 0 |
| കാർഡ് സൈസുപാപ്പാരുതല യ „ | 0 | 10 | 0 |
| 240 പടമുള്ള പള്ളിപ്പടം പാളി ൧ക്ക | 1 | 14 | 0 |

### രൂപശീലകൾ

| | | | |
|---|---|---|---|
| നിലരൂപപ്പശീല (36പാരു) പാളി ൧ക്ക | 0 | 12 | 0 |
| കമ്പല „ (64പാരു) „ | 0 | 10 | 0 |

P. Pappy and Co.
Mannanam, Travancore.